# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മടവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി2/1234/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/09/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മടവൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി2/1234/2021 തീയ്യതി: 23/09/2021

## കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-02-2021 മുതൽ 05-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വാസുദേവൻ.എം | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 06-09-2021 | 15-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-09-2021 | 15-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.രാമദാസ്.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൾ നസീർ..ടി.പി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജിഷ.പി,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പങ്കജാക്ഷൻ.പി.വി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ.രാഘവൻ അടുക്കത്ത് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി. ആബിദ.ടി | സെക്രട്ടറി | 01-04-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ജിഷ.സി.ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 22-02-2021 |
| ശ്രീമതി.ശ്രീജ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 23-02-2021 | 31-03-2021 |
| ശ്രീ.മുഹമ്മദ്.കെ | അസിസ്റ്റന്റ് എഞ്ചിനീയർ(ഇൻ ചാർജ്) | 01-04-2020 | 13-09-2020 |
| ശ്രീമതി.നിമ്മി.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 14-09-2020 | 31-03-2021 |
| ശ്രീമതി.ഷീജ.വി.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 18-11-2020 |
| ശ്രീമതി.ജ്യോതിലക്ഷ്മി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 19-11-2020 | 31-03-2021 |
| ശ്രീമതി.നിഷ.കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സുമില.കെ.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 14-02-2021 |
| ശ്രീമതി.റുമൈസ.പി.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 15-02-2021 | 31-03-2021 |
| ഡോ.ആരിഫ.ഇ.എ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.ഉഷാദേവി.കെ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീ.മോഹൻദാസ്.വി.കെ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ഡോ.ഗീന ജോർജ്ജ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.സാഹിദ മജീദ്.സി.എം | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി.രസിദ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശ്രീലത.എൻ.എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-10-2020 |
| ശ്രീമതി.രോഷ്നി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-11-2020 | 31-03-2021 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കലും നടപടിക്രമങ്ങളും<br>Written By: RAMDAS M. (Asst. Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-1-1 |
| 2 | തനത് വരുമാനം ബജറ്റ് എസ്റ്റിമേറ്റുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-1-2 |
| 3 | ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-1-3 |
| 4 | അധികവിഭവസമാഹരണം ലക്ഷ്യമിട്ട് കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-1-4 |
| 5 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല<br>Written By: RAMDAS M. (Asst. Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-1-5 |
| 6 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jisha.P (Auditor, On 16-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-2 |
| 7 | സാമ്പത്തിക വിശകലനം<br>Written By: Jisha.P (Auditor, On 16-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-3 |
| 8 | ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 16-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-4 |
| 9 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത<br>Written By: Jisha.P (Auditor, On 16-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-4-1 |
| 10 | പദ്ധതി ആസൂത്രണം<br>Written By: RAMDAS M. (Asst. Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-5 |
| 11 | ആസുത്രണസമിതി<br>Written By: RAMDAS M. (Asst. Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-5-1 |
| 12 | സ്റ്റിയറിങ്ങ് കമ്മറ്റി<br>Written By: RAMDAS M. (Asst. Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-5-2 |
| 13 | ക്യാഷ് പരിശോധന<br>Written By: Jisha.P (Auditor, On 14-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-6 |
| 14 | തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾ<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-7 |
| 15 | ആഭ്യന്തരനിയന്ത്രണം<br>Written By: RAMDAS M. (Asst. Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-8 |
| 16 | അനധികൃത നിർമ്മാണങ്ങൾ പരിശോധിക്കപ്പെടുന്നില്ല<br>Written By: Jisha.P (Auditor, On 16-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-9 |
| 17 | റോഡ് റീസ്റ്റോറേഷൻ ചാർജ് ഈടാക്കിയില്ല<br>Written By: Jisha.P (Auditor, On 16-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-10 |
| 18 | ആസ്തി രജിസ്റ്റർ പ്രകാരമുള്ള റോഡുകൾ പരിഗണിക്കാതെ വസ്തുനികുതി നിർണ്ണയിക്കുന്നു<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-11 |

| | | |
|---|---|---|
| 19 | തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-12 |
| 20 | വാണിജ്യകെട്ടിടങ്ങൾക്കു മുകളിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല.<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-13 |
| 21 | ദി ക്രാഡിൽ പദ്ധതിയുടെ ഭാഗമായുള്ള വിവിധ അങ്കണവാടികളുടെ ആധുനികവൽക്കരണം - പദ്ധതി നടത്തിപ്പിലെ അപാകത<br>Written By: RAMDAS M. (Asst. Audit Officer, On 16-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-14 |
| 22 | കോക്ളിയർ ഇംപ്ളാന്റേഷൻ -ഉപകരണങ്ങളുടെ അറ്റകുറ്റപണി -അധികതുക നൽകി.<br>Written By: RAMDAS M. (Asst. Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-15 |
| 23 | പണി പൂർത്തീകരിക്കാത്ത വയോജന മന്ദിരത്തിലേക്ക് ഫർണ്ണീച്ചറുകളും ടി.വി.യും വാങ്ങി സൂക്ഷിച്ചു.<br>Written By: RAMDAS M. (Asst. Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 22-09-2021) | 1-16 |
| 24 | അങ്കണവാടികൾക്ക് മിക്സി വാങ്ങൽ-ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-17 |
| 25 | അങ്കണവാടികൾക്ക് സ്മാർട്ട് ടി.വി.വാങ്ങൽ-ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-18 |
| 26 | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉപയോഗപ്പെടുത്തുകയോ പ്രിന്റർ ലഭ്യമാക്കുകയോ ചെയ്തില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-19 |
| 27 | ജലജീവൻമിഷൻ-പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല<br>Written By: RAMDAS M. (Asst. Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-20 |
| 28 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തി - നിർവ്വഹണത്തിലെ അപാകത<br>Written By: Sreeja Thekkan (Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-21 |
| 29 | വയോ ക്ളബ്ബ് -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: Sreeja Thekkan (Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-22 |
| 30 | പട്ടിക ജാതിഉപപദ്ധതിവിഹിതം-വകമാറ്റി ചെലവഴിച്ചു.<br>Written By: RAMDAS M. (Asst. Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-23 |
| 31 | പൈപ്പ് ലൈൻനീട്ടൽ പ്രവ്യർത്തികൾ- പൂർത്തീകരണവിവരം ലഭ്യമല്ല.<br>Written By: RAMDAS M. (Asst. Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-24 |
| 32 | ഇ -ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക വിശദാംശം ലഭ്യമാക്കിയില്ല.<br>Written By: Sreeja Thekkan (Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-25 |
| 33 | കുറ്റ്യാപ്പുറം കുടിവെള്ള പദ്ധതി വൈദ്യുതീകരണം-പൂർത്തീകരണവിവരം ലഭ്യമല്ല.<br>Written By: RAMDAS M. (Asst. Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 20-09-2021) | 1-26 |
| 34 | ജലനിധി പദ്ധതിക്ക് തുക കൈമാറി- പൂർത്തീകരണവിവരം ലഭ്യമല്ല.<br>Written By: RAMDAS M. (Asst. Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 22-09-2021) | 1-27 |
| 35 | കമ്പ്യൂട്ടറുകൾ സമയബന്ധിതമായി ലഭ്യമായില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 22-09-2021) | 1-28 |

| | | |
|---|---|---|
| 36 | ആയുർവേദ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല<br>Written By: Sreeja Thekkan (Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 22-09-2021) | 1-29 |
| 37 | എസ്.എസ്.കെ വിനിയോഗവിവരം ലഭ്യമല്ല.<br>Written By: Sreeja Thekkan (Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 22-09-2021) | 1-30 |
| 38 | ടെണ്ടർ നടപടികളില്ലാതെ മരുന്നു വാങ്ങി<br>Written By: Sreeja Thekkan (Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 22-09-2021) | 1-31 |
| 39 | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല<br>Written By: Sreeja Thekkan (Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 22-09-2021) | 1-32 |
| 40 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ-പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല.<br>Written By: RAMDAS M. (Asst. Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 22-09-2021) | 1-33 |
| 41 | വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ കൃത്യത ഉറപ്പുവരുത്തുന്നില്ല<br>Written By: RAMDAS M. (Asst. Audit Officer, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 22-09-2021) | 1-34 |
| 42 | മുൻ കാല ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 15-09-2021)<br>Last Updated By: Vasudevan M (Deputy Director, On 22-09-2021) | 1-35 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കോക്ളിയർ ഇംപ്ലാന്റേഷൻ-ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി - അധിക തുക നൽകി.<br>Written By: RAMDAS M. (Asst. Audit Officer, On 22-09-2021)<br>Last Updated By: Vasudevan M (Deputy Director, On 22-09-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jisha.P (Auditor, On 16-09-2021)<br>Last Updated By: Vasudevan M (Deputy Director, On 22-09-2021) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 16-09-2021)<br>Last Updated By: Vasudevan M (Deputy Director, On 22-09-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jisha.P (Auditor, On 16-09-2021)<br>Last Updated By: Vasudevan M (Deputy Director, On 22-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jisha.P (Auditor, On 16-09-2021)<br>Last Updated By: Jisha.P (Auditor, On 16-09-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jisha.P (Auditor, On 16-09-2021)<br>Last Updated By: Vasudevan M (Deputy Director, On 22-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Jisha.P (Auditor, On 16-09-2021)<br>Last Updated By: Jisha.P (Auditor, On 16-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jisha.P (Auditor, On 16-09-2021)<br>Last Updated By: Vasudevan M (Deputy Director, On 22-09-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Jisha.P (Auditor, On 16-09-2021)<br>Last Updated By: Vasudevan M (Deputy Director, On 22-09-2021) | 4-8 |
| 9 | സർചാർജ് നടപടി വഴി ഈടാക്കിയ തുക<br>Written By: Jisha.P (Auditor, On 16-09-2021)<br>Last Updated By: Vasudevan M (Deputy Director, On 22-09-2021) | 4-9 |
| 10 | | 4-10 |

| | | |
|---|---|---|
| | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jisha.P (Auditor, On 16-09-2021)<br>Last Updated By: Vasudevan M (Deputy Director, On 22-09-2021) | |
| 11 | തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Jisha.P (Auditor, On 16-09-2021)<br>Last Updated By: Vasudevan M (Deputy Director, On 22-09-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1-1 ബജറ്റ് തയ്യാറാക്കലും നടപടിക്രമങ്ങളും

ധനകാര്യസ്റ്റാൻ്റിംഗ് കമ്മറ്റിയുടെ 05.12.19ലെ തീരുമാനപ്രകാരം എല്ലാ ഘടകസ്ഥാപനങ്ങളിൽനിന്നും ബജറ്റ് പ്രൊപ്പോസൽ സ്വീകരിക്കുന്നതിനായി കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ വെറ്ററിനറി ഹോസ്പിറ്റൽ,പി.എച്ച്.സി,ജി.എം.യു.പി.സ്കൂൾ,ആരാമ്പ്രം എന്നീ സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് പ്രൊപ്പോസൽ ലഭിച്ചിട്ടുള്ളത്. പ്രസ്തുത പ്രൊപ്പോസലുകൾ 05.2.20 ലെ ധനകാര്യസ്റ്റാൻ്റിംഗ് കമ്മറ്റിയുടെ തീരുമാനപ്രകാരം ബജറ്റിൽ ഉൾപ്പെടുത്തി കരട് ബജറ്റ് തയ്യാറാക്കാൻ തീരുമാനിച്ചു.ധനകാര്യസ്റ്റാൻ്റിംഗ് കമ്മറ്റിയുടെ 07.03.2020തീയതിയിലെ യോഗത്തിൽ അവതരിപ്പിച്ച 2020-21 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് നിർദ്ദേശങ്ങൾ 30.03.20 ലെ 01/1 നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയുണ്ടായി. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 9104945 |
| വരവ് | 380268410 |
| ആകെ | 389373355 |
| ചെലവ് | 369545110 |
| നീക്കിയിരിപ്പ് | 19828245 |

ഭരണസമിതിയുടെ 20.02.2021 ലെ 1/1 തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്.

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങളിൽ വീഴ്ച വരുത്തിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നടപടിക്രമങ്ങൾ | സമയം | സ്ഥിതിവിവരം |
|---|---|---|
| വിവിധ സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടത് | ഡിസംബർ 15-ന് മുൻപ് | വിളിച്ച് ചേർത്തതായി കാണുന്നില്ല. |
| സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടത് | ജനവരി 15-ന് മുൻപ് | 15.01.20- എല്ലാ സ്ഥാപന മേധാവികളും സമർപ്പിച്ചിട്ടില്ല. |
| സ്റ്റാൻ്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനവരി 22-ന് മുൻപ് | 05.02.20ന് ചർച്ച നടന്നതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| സ്റ്റാൻ്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുൻപ് | ബജറ്റ് രേഖകളായി സൂക്ഷിച്ചിട്ടില്ല. |
| ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുൻപ് | 07.03.20ന് തയ്യാറാക്കിയതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബജറ്റ് രേഖകളായി സൂക്ഷിച്ചിട്ടില്ല. |

| | | |
|---|---|---|
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7-ന് മുൻപ് | 11.03.20-ന് നടന്ന സാധാരണ യോഗത്തിൽ ബജറ്റ് അവതരിപ്പിച്ചു |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31-ന് മുൻപ് | 30.03.20ന് നടന്ന സാധാരണ യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. |

1-1-2 തനത് വരുമാനം ബജറ്റ് എസ്റ്റിമേറ്റുമായി പൊരുത്തപ്പെടുന്നില്ല.

| ബജറ്റ് ഹെഡ് | ബജറ്റ് എസ്റ്റിമേറ്റ് | വാർഷിക കണക്കുപ്രകാരം വരവ് |
|---|---|---|
| 110 നികുതി വരുമാനം | 5300000 | 4398721 |
| 130നികുതിയിതര വരുമാനം | 125000 | 85752 |
| 140 ഫീസ്,യൂസർചാർജ് | 583500 | 552416 |
| 150 സെയിൽ,ഹയർചാർജസ് | 245000 | 159391 |
| 171 പലിശവരവ് | 201000 | 202019 |
| 180 മറ്റു വരവുകൾ | 95000 | 3548 |

ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്.

1-1-3 ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2020-21 വർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

1-1-4 അധികവിഭവസമാഹരണം ലക്ഷ്യമിട്ട് കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നില്ല.

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തലവികസനത്തിനും സാമ്പത്തിക സുസ്ഥിരതക്കും നികുതിയേതരവർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ,ചാർജ്ജുകൾ എന്നിവ 01-04-2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ (അച്ചടി) 28/2019 ധന.തീയതി 08-03-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവനനിരക്കുകൾ വ്യക്തമാക്കി പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്. ഗ്രാമപഞ്ചായത്തിന്റ ബജറ്റിൽ പ്രസ്തുതനിർദ്ദേശം ഉൾപ്പെടുത്തുകയോ സേവനനിരക്കുകളിൽ വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടില്ല.തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിൽ സർക്കാരിന്റെ തനത് വരുമാനവർദ്ധനവിനുള്ള ഇത്തരം ഉത്തരവുകൾ നടപ്പിലാക്കി വരുമാനവർദ്ധനവിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.ഓരോ സാമ്പത്തികവർഷത്തിലും തനത് വരുമാനവർദ്ധനവിന് സർക്കാർ

അനുമതി നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ അതാത് പ്രാദേശിക സർക്കാരുകളും ഇത്തരം നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-1-5 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3.എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

4.തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

5.കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള അധികവിഭവസമാഹരണത്തിനുള്ള സർക്കാർ ഉത്തരവുകൾ തനത് വരുമാനവർദ്ധനവിന് ഉതകുന്ന രീതിയിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-2 വാർഷിക കണക്കിലെ അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്ക് , അനുബന്ധ രജിസ്റ്ററുകൾ,സാംഖ്യ റിപ്പോർട്ടുകൾ എന്നിവയുമായി താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. എ.ഇ യുടെ ബാങ്ക് അക്കൗണ്ടിൽ Sale Of E-Tender Forms ഇനത്തിൽ വരവ് വന്ന തുക പരിശോധിച്ച് 2020-21 ലെ തുക തനത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.

3. IOB യിൽ (MPCP Narayanan)എന്ന പേരിൽ ഉള്ള അക്കൗണ്ടിൽ(334101000007518) ബാങ്ക് ചാർജ് ഇനത്തിൽ മാത്രം ചെലവ് കാണുന്നു. പ്രസ്തുത ചെലവിനെ തുടർന്ന് നീക്കിയിരിപ്പ് അവശേഷിക്കുന്നുമില്ല. നിർജ്ജീവമായ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

4. 3 വർഷ കാലാവധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല (Bidders Emd/Security Deposit ,Contractors Emd /Security Deposit)

5. ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6. വിവിധ സംയുക്ത പദ്ധതികൾക്കായിലഭിച്ച ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു.

7. 3.12.14 ലെ Advance To Accredited Agencies Data Bank Printing Charge ഇനത്തിലെ തുക(5000/- രൂപ) ക്രമീകരിച്ചിട്ടില്ല

8. വാർഷിക കണക്ക് പ്രകാരമുള്ള ശുചിത്വമിഷൻ ഗ്രാന്റിന്റെ 399600/-യുടെ ചെലവ്(എം.സി.എഫ് പ്രോജക്ട് നം.227/20-21) എെ.കെ.എം ചെലവ് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല.

9. തൊഴിൽ നികുതി (ട്രേഡേഴ്സ് ) ഇനത്തിലെ ഡിമാന്റ് തുക 153520 ഉം കലക്ഷൻ 157770 ഉം ആണ്. അധികം വന്ന 4250 രൂപ ബാലൻസ് ഷീറ്റിൽ നെഗറ്റീവ് ആയി രേഖപ്പെടുത്തിരിക്കുന്നു.

10. വസ്തുനികുതി ഇനത്തിലെ വരവ് തുക ഡി.സി.ബി സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കിലെ മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8426711 |
| വരവ് | 69637432 |
| ആകെ | 78064143 |
| ചെലവ് | 64850915 |
| നീക്കിയിരിപ്പ് | 13213228 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12365571 | 12365571 | 12365571 | 0 |
| വികസന ഫണ്ട് (SCP) | 0 | 6446412 | 6446412 | 6446412 | 0 |
| വികസന ഫണ്ട് (TSP) | 0 | 602000 | 602000 | 602000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 5380000 | 5380000 | 2522048 | 2857952 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 9563810 | 9563810 | 7696179 | 1867631 |
| മെയിന്റനൻസ്(നോൺ റോഡ്) | 0 | 3935786 | 3935786 | 3935786 | 0 |
| മെയിന്റനൻസ്(റോഡ്) | 0 | 6187000 | 6187000 | 6187000 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം) | 0 | 330000 | 330000 | 330000 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട്(പാഡി) | 0 | 25000 | 25000 | 25000 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട്(Wage MGNREGA) | 0 | 313000 | 313000 | 313000 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട്(തൊഴിലില്ലായ്മ വേതനം) | 0 | 1440 | 1440 | 1440 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട്(ജലനിധി) | 0 | 1304479 | 1304479 | 1081024 | 223455 |
| കേന്ദ്രാവിഷ്കൃത ഫണ്ട്(TSC) | 0 | 2609229 | 2609229 | 0 | 2609229 |
| കേന്ദ്രാവിഷ്കൃത ഫണ്ട്(ICDS) | 380889 | 1268995 | 1649884 | 1003158 | 646726 |
| കേന്ദ്രാവിഷ്കൃത ഫണ്ട്(PYCKA) | 22262 | 0 | 22262 | 0 | 22262 |

### 1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത

വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവ് പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു

| ഫണ്ടിനം | മേഖല | സുലേഖയിലെ അലോക്കേഷൻ | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | ഉത്പാദനം | 5806959 | 11853350 |
| | സേവനം | 9424427 | 24957427 |
| വികസനഫണ്ട് എസ്.സി.പി. | ഉത്പാദനം | 528250 | 1028250 |
| | | | |

| | | | |
|---|---|---|---|
| | സേവനം | 5574245 | 30300495 |
| വികസനഫണ്ട് ടി.എസ്.പി. | സേവനം | 752000 | 1154000 |
| സംരക്ഷണഗ്രാന്റ് റോഡിതരം | സേവനം | 4506671 | 4706671 |

മേൽ വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

1-5 പദ്ധതി ആസൂത്രണം

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ളോക്കിൽപ്പെട്ട മടവൂർ പഞ്ചായത്ത് ഭൂവിസ്തൃതിയിൽ വളരെ ചെറുതും ജനസാന്ദ്രത കൂടിയതുമായ ഒരു പ്രദേശമാണ്. 21.04.20ന് അംഗീകാരം ലഭിച്ച 195പ്രൊജക്ടുകളടങ്ങിയ 2020-21ലെ മൊത്തം പദ്ധതി അടങ്കൽ 74724390/-രൂപയാണ്.

പ്രകൃതിദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രൊജക്ടുകൾക്ക് തൻവർഷം മുൻഗണന നൽകേണ്ടതായിരുന്നെങ്കിലും അത്തരം പ്രൊജക്ടുകൾ ആസൂത്രണം ചെയ്തതായി കാണുന്നില്ല.ദുരന്തമാനേജ്മെന്റ് പ്ളാനിലെ നിർദ്ദേശങ്ങൾ കൂടി പദ്ധതിക്കായി പരിഗണിക്കേണ്ടതാണ്. എന്നാൽ ദുരന്തമാനേജ്മെന്റ് പ്ളാനിലെ ഒരു നിർദ്ദേശം മാത്രമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയത് -പൂനൂർ പുഴ സംരക്ഷണം എന്ന പ്രൊജക്ട് നടപ്പാക്കിയിട്ടുമില്ല.

ദുരന്തമാനേജ്മെന്റ് പ്ളാനിലെ നിർദ്ദേശങ്ങളും മിഷൻ അന്ത്യോദയ സർവ്വെയിലെ കണ്ടെത്തലുകളും ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിക്കേണ്ടതാണെങ്കിലും അങ്ങിനെ ചെയ്തതായി കാണുന്നില്ല. എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് പുതുക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകൾ ഉത്തരവാദിത്തം നിറവേറ്റിയതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ മൂന്ന് യോഗങ്ങൾ ചേർന്നിട്ടുണ്ടെങ്കിലും വിശദമായ ചർച്ചകൾ നടന്നതായി കാണുന്നില്ല.

വാർഷിക പദ്ധതികൾക്ക് സമൂലമായ ഭേദഗതികളാണ് ഇടക്ക് വരുത്തുന്നത്. 9.07.20ലെ ഭരണസമിതി തീരുമാനപ്രകാരം (സ്പിൽഓവർ പദ്ധതികളുൾപ്പെടുത്തി) 32 പ്രൊജക്ടുകൾ ഒഴിവാക്കുകയും48 എണ്ണം ഭേദഗതി ചെയ്യുകയും 12 എണ്ണം പുതുതായി ഉൾപ്പെടുത്തുകയും ചെയ്തു. പിന്നീടും വാർഷിക പദ്ധതി ഭേദഗതി ചെയ്തിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിലെയും ഫണ്ട് വകയിരുത്തുന്നതിലെയും നിർവ്വഹണത്തിലെയും കാര്യക്ഷമതയില്ലായ്മയെയാണ് ഇത് കാണിക്കുന്നത്. അന്തിമമായി അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രൊജക്ടുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥർ | ആകെ പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിയവ | നടപ്പാക്കാത്തവ | ഭാഗികമായി നടപ്പാക്കിയവ | വകയിരുത്തിയ തുക | ചെലവ് | ചെലവ് % |
|---|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 15 | 15 | - | - | 7274611 | 7118627 | 97.85 |
| വെറ്റിനറി സർജൻ | 07 | 05 | - | 02 | 2308850 | 1412100 | 61.16 |
| മെഡിക്കൽ ഓഫീസർ (PHC) | 07 | 02 | 01 | 04 | 1700000 | 1396372 | 82.13 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 07 | 01 | - | - | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 02 | 02 | - | - | 700000 | 700000 | 100 |
| വി ഇ ഒ | 13 | 04 | 02 | 07 | 24874958 | 5289784 | 21.26 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 21 | 12 | 06 | 03 | 7948571 | 5678912 | 71.44 |
| സെക്രട്ടറി | 33 | 24 | 04 | 05 | 10234050 | 6303966 | 61.59 |

| | | | | | | | |
|---|---|---|---|---|---|---|---|
| അസ്സിസ്റ്റന്റ് എൻജിനിയർ | 104 | 74 | 25 | 05 | 28180539 | 20128995 | 71.42 |
| ഹെഡ് മാസ്റ്റർ | 08 | 05 | 02 | 01 | 1474522 | 916945 | 62.18 |
| ഡയറി ഫാം ഇൻസ്പെക്ടർ | 03 | 02 | 01 | - | 1343372 | 1238342 | 92.18 |
| അസ്സിസ്റ്റന്റ് സെക്രട്ടറി | 08 | 05 | 03 | - | 2019245 | 1921852 | 95.17 |
| | 222 | 151 | 44 | 27 | 88258718 | 52305895 | 59.26 |

വാർഷിക പദ്ധതിക്ക് വർഷാരംഭത്തിൽ തന്നെ അംഗീകാരം ലഭിച്ചെങ്കിലും ഭൂരിഭാഗം ചെലവുകളും അവസാനപാദത്തിലാണ് നടത്തിയിട്ടുള്ളത്. അനിവാര്യവകയിരുത്തൽ നടത്തേണ്ട ആശ്രയപദ്ധതിക്ക് 42348/-രൂപ വകയിരുത്തിയിരുന്നെങ്കിലും ചെലവഴിച്ചിട്ടില്ല. തനത്ഫണ്ട്,സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച തുകകൾ എന്നിവ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. ഗുണഭോക്തൃവിഹിതമിനത്തിലുള്ള നേരിട്ടുള്ള ചെലവുകൾ സുലേഖ ചെലവുസ്റ്റേറ്റുമെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ധനകാര്യ കമ്മീഷൻ അവാർഡിൽ 2857952/-രൂപ ടൈഡ് ഫണ്ടിനത്തിലും 1867631/-രൂപ അൺടൈഡ് ഫണ്ടിനത്തിലും തൻവർഷം ചെലവഴിച്ചിട്ടില്ല. ഈ കോവിഡ് കാലഘട്ടത്തിലും മറ്റ് ഗ്രാന്റുകൾ പൂർണ്ണമായി ചെലവഴിക്കാനായി എന്നത് പ്രശംസനീയമാണ്.

## 1-5-1 ആസൂത്രണസമിതി

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ 2018-19 മുതൽ 2021-22 വരെയുള്ള വാർഷികപദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച സ.ഉ.(കൈ) നം.11/2018/തസ്വഭവ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3-1-1 (ബി) യിൽ ആസൂത്രണ സമിതിയുടെ ചുമതലകൾ പരാമർശിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാസാഹിപ്പിക്കുക, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയെയും വർക്കിംഗ് ഗ്രൂപ്പുകളെയും സഹായിക്കുക, അധികവിഭവസമാഹരണസാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക,പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് നൽകുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവയ്ക്ക് സഹായം നൽകുക, സ്ഥാപനത്തിന്റെ പ്രാദേശികാസൂത്രണത്തിന് സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരെയും അക്കാദമിക് - സാങ്കേതിക സ്ഥാപനങ്ങളെയും കണ്ടെത്തുന്നതിന് സഹായിക്കുക തുടങ്ങിയവയാണ് ആസൂത്രണസമിതിയുടെ സുപ്രധാന ചുമതലകൾ . ആസൂത്രണ സമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ, ഓഡിറ്റ് വർഷം 3 തവണ മാത്രമാണ് യോഗം ചേർന്നതായി കാണുന്നത്(25.01.20, 22.02.2020, 03.03.20 തീയതികളിൽ). പ്രസ്തുത യോഗങ്ങളിൽ ചർച്ചകൾ നടന്നതായി കാണുന്നില്ല. യോഗതീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

2020-21ലെ വികസന സെമിനാർ 03.03.20ന് ചേർന്നിട്ടുണ്ട്. ദുരന്തമാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള വികസന സെമിനാർ 22.02.20 നു നടന്നിട്ടുണ്ട്. 09.03.20ന് വാർഷിക പദ്ധതിക്ക് അന്തിമ രൂപം നൽകുകയും 17.04.20 ന് പദ്ധതിക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു. ആസൂത്രണ സമിതി അതർഹിക്കുന്ന ഗൗരവത്തോടെ ചേരുകയും ഏല്പിക്കപ്പെട്ട ചുമതലകൾ നിർവഹിക്കേണ്ടതുമാണ്.

## 1-5-2 സ്റ്റിയറിങ്ങ് കമ്മറ്റി

സ്റ്റിയറിങ്ങ് കമ്മറ്റികൾക്ക് പഞ്ചായത്തിന്റെ ഭരണസംവിധാനത്തിൽ സുപ്രധാനമായ പങ്ക് നിർവഹിക്കാനുണ്ട്. പേര് സൂചിപ്പിക്കുന്നത് പോലെ പഞ്ചായത്ത് പ്രവർത്തനങ്ങളുടെ ദിശ നിർണയിക്കുന്ന തരത്തിൽ പ്രവർത്തനം നടത്താൻ ഈ കമ്മറ്റിക്ക് സാധിക്കേണ്ടതുണ്ട്. സ്റ്റാന്റിങ്ങ് കമ്മറ്റികളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും മോണിറ്റർ ചെയ്യുകയും ചെയ്യുക, വർക്കിങ്ങ് ഗ്രൂപ്പുകൾ ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുക, സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ഉദാസീനത നിമിത്തമോ മറ്റ് കാരണങ്ങളാലോ ബജറ്റ് പാസാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ ബജറ്റ് അവതരിപ്പിക്കുക തുടങ്ങിയ ചുമതലകൾ സ്റ്റിയറിങ്ങ് കമ്മറ്റിയുടേതാണ്. എന്നാൽ മടവൂർ ഗ്രാമപഞ്ചായത്തിൽ സ്റ്റിയറിങ്ങ് കമ്മറ്റി യോഗതീരുമാനങ്ങൾ രേഖപ്പെടുത്തുന്നതിലും മിനുട്സ് ക്ളോസ് ചെയ്യുന്നതിലും വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. 23.10.20നു ശേഷം യോഗം ചേർന്നതായി കാണുന്നില്ല. സ്റ്റിയറിങ്ങ് കമ്മറ്റികളുടെ പ്രവർത്തനം നിയമാനുസൃതമായ ചുമതലകൾ നിർവഹിക്കുന്ന തലത്തിലേക്ക് ഉയരേണ്ടതുണ്ട്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6.9.21 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ

58564/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-7 തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6655900 | 2730 |
| വിധവാപെൻഷൻ | 16816700 | 6588 |
| വാർദ്ധക്യകാലപെൻഷൻ | 21868900 | 8912 |
| വികലാംഗപെൻഷൻ | 676800 | 194 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1484300 | 585 |

## 1-8 ആഭ്യന്തരനിയന്ത്രണം

മനുഷ്യവിഭവശേഷിയുടെ കാര്യക്ഷമവും ഫലപ്രദവുമായ വിനിയോഗം ഉറപ്പുവരുത്തി സ്ഥാപനത്തിന്റെ ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തനസജ്ജമാകണം. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാസംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം. പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണെങ്കിലും ആഭ്യന്തരനിയന്ത്രണ സംവിധാനം ഇനിയും കുറ്റമറ്റതാക്കേണ്ടതിന് കൂടുതൽ ശ്രദ്ധ ആവശ്യമാണ്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് റജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വസ്തു നികുതി, തൊഴിൽ നികുതി ഡി.സി.ബി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയെങ്കിലും വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. കെട്ടിടനിർമ്മാണ പെർമിറ്റിന്റെയും, അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്ററിന്റെയും സൂക്ഷിപ്പ് തൃപ്തികരമല്ല. ക്രമവത്കരണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ 20-21 വാർഷികബജറ്റ് പാസ്സാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല. വികസനഫണ്ട്, സംരക്ഷണ ഗ്രാന്റ്,മറ്റ് തനത് ഫണ്ടുകൾ, സംയുക്തപ്രൊജക്ടുകൾഎന്നിവയുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ട്. അസി.എഞ്ചിനീയരുടെ ഫയലിങ്ങ് സംവിധാനം, രജിസ്റ്ററുകളുടെ സൂക്ഷിപ്പ് എന്നിവ കുറ്റമറ്റതാക്കേണ്ടതുണ്ട്. മിക്ക പ്രൊജക്ടുകളുടെയും നിർവ്വഹണഘട്ടങ്ങൾ ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് ചെയ്തതിന്റെ രേഖ ലഭ്യമല്ല. സെക്രട്ടറിയുടെ ജോലിവിഭജനരേഖയിൽ ഓരോ വാർഡിന്റെയും ചാർജുള്ള ക്ളർക്കുമാരുടെ ജോലികൾ കൃത്യമായി നിർവ്വചിക്കപ്പെട്ടിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. ഇത് ത.സ്വ.ഭ.സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള 8.11.10ലെ ജി.ഓ(പി)259/2010/ തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

## 1-9 അനധികൃത നിർമ്മാണങ്ങൾ പരിശോധിക്കപ്പെടുന്നില്ല

മടവൂർ ഗ്രാമപഞ്ചായത്തിന്റെ പരാതികളും നടപടികളും രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ 15ാം വാർഡിൽ കുളങ്ങരക്കണ്ടിയിൽ ഹംസ എന്നയാൾ സമീപത്തെ വീടിന്റെ സുമാർ 3 മീറ്റർ അകലെയായി ഒരു ഫ്ലോർമില്ലിന്റെ പണി ആരംഭിച്ചിട്ടുണ്ടെന്നും പ്രസ്തുത ഫ്ലോർമിൽ ആരംഭിച്ചാൽ തനിക്ക് വീട്ടിൽ താമസിക്കുന്നതിന് പ്രയാസമായിരിക്കുമെന്നും ആയതിനാൽ തനിക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ ഫ്ലോർമില്ലിന് അനുമതി നൽകരുതെന്നും ആവശ്യപ്പെട്ട് കെ.പി.ഇസ്മായിൽ എന്ന ആൾ 13.7.20 പഞ്ചായത്തിൽ പരാതി സമർപ്പിച്ചിരുന്നു. എന്നാൽ കെട്ടിട നിർമ്മാണ രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത ഫ്ലോർമിൽ പ്രവർത്തിപ്പിക്കുന്നതിന് അനുമതിക്കായി 2020-21 സാമ്പത്തിക വർഷത്തിൽ അപേക്ഷ സമർപ്പിച്ചതായി കാണുന്നില്ല എന്ന് 6.10.20 ന് നോട്ട്ഫയലിൽ പെർമിറ്റ് കൈകാര്യം ചെയ്യുന്ന സെക്ഷൻ ക്ലർക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥലപരിശോധനയിൽ കെട്ടിടത്തിന്റെ പടവ് തുടങ്ങിയതായി ബോധ്യപ്പെട്ടതിനാൽ നിർമ്മാണപ്രവർത്തനങ്ങൾ നിർത്തി വെയ്ക്കുന്നതിന് പഞ്ചായത്ത് 20.10.20 ന് നോട്ടീസ് നൽകിയിരുന്നു. എന്നാൽ പരാതിക്കുള്ള മറുപടിയിൽ 13.10.20 ന് പഞ്ചായത്തിൽ പ്ലാൻ സമർപ്പിച്ചതായും പെർമിറ്റ് ലഭിച്ചതിന് ശേഷമേ പണി പൂർത്തീകരിക്കു എന്നും അറിയിച്ചിട്ടുണ്ട്. കുളങ്ങരക്കണ്ടിയിൽ ഹംസ എന്ന ആളുടെ 28.1.21 ലെ 649/21 നമ്പർ അപേക്ഷയിൽ പഞ്ചായത്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പഞ്ചായത്ത് പരിധിക്കുള്ളിൽ അനധികൃത നിർമ്മാണങ്ങൾ നടക്കുന്നുണ്ടോ എന്നത് അതത് വാർഡിന്റെ ചുമതലയുള്ള ക്ളാർക്കുമാർ വാർഡ് തലത്തിൽ പരിശോധിക്കുന്നില്ല എന്നത് ഇതിൽ നിന്നും വ്യക്തമാണ്. അനധികൃത നിർമ്മാണം സംബന്ധിച്ച പരിശോധന നടത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

**1-10 റോഡ് റീസ്റ്റോറേഷൻ ചാർജ് ഈടാക്കിയില്ല**

9.10.20 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം 1 പ്രകാരം രാംപൊയിൽ അട്ടക്കത്തുമല കോളനി റോഡിനരികിലൂടെ 4 അടി ആഴത്തിൽ 1 അടി വീതിയിൽ കുഴി എടുത്ത് 11 കെ.വി യു.ജി കേബിൾ ഫീഡർ വലിക്കുന്നതിനായുള്ള കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയറുടെ അപേക്ഷയിൽ അനുമതി നൽകിയിട്ടുണ്ട്. റോഡ് റീസ്റ്റോറേഷൻ ചാർജ് കണക്കാക്കിയ ഫയൽ, കെ.എസ്.ഇ,ബി യിൽ നിന്നും ആയത് ഈടാക്കിയതിന്റെ വിശദാംശം, എസ്റ്റിമേറ്റ് എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. കെ.എസ്.ഇ,ബി യിൽ നിന്നും റോഡ് റീസ്റ്റോറേഷൻ ചാർജ് ഈടാക്കി അറിയിക്കേണ്ടതാണ്.

**1-11 ആസ്തി രജിസ്റ്റർ പ്രകാരമുള്ള റോഡുകൾ പരിഗണിക്കാതെ വസ്തുനികുതി നിർണ്ണയിക്കുന്നു**

പഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് നടത്തി വരുന്ന വസ്തുനികുതി നിർണ്ണയത്തിൽ അപാകത കാണുന്നു. സോഫ്റ്റ്‌വെയർ പ്രകാരം പഞ്ചായത്തിലെ റോഡുകളുടെ എണ്ണം 192 ആണ്. എന്നാൽ സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം 402 റോഡുകൾ പഞ്ചായത്തിലുണ്ട്. ഇത് തമ്മിൽ 210 ൽ അധികം റോഡുകളുടെ വ്യത്യാസം കാണുന്നു. സോഫ്റ്റ് വെയറിൽ ഉൾപ്പെട്ട റോഡുകളിൽ സ്ഥാപനത്തിന്റെ ആസ്തിരജിസ്റ്ററിന് പുറമേയുള്ള സംസ്ഥാന പാത, ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളുടെ റോഡുകൾ എന്നിവ ഉൾപ്പെടുന്നതിനാൽ വ്യത്യാസം മേല്പറഞ്ഞതിൽ കൂടുമെന്ന് കാണാം. സോഫ്റ്റ് വെയറിൽ ലഭ്യമല്ലാത്തതും എന്നാൽ ആസ്തിരജിസ്റ്ററിൽ രേഖപ്പെടുത്തിയതുമായ റോഡുകളുടെ സമീപത്ത് നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുമ്പോൾ നികുതി നിർണ്ണയം നടത്തുന്ന ക്ലാർക്കുമാർ 'മറ്റുള്ളവ' എന്ന് ഓപ്ഷൻ തെരെഞ്ഞെടുക്കുകയും അവിടെ റോഡിന്റെ പേര് മാന്വലായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിൽ നാലു ഓപ്ഷനുകൾ വരുന്നുണ്ട്. വീതി അഞ്ച് മീറ്ററിന് മുകളിൽ,ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയാണ് ഈ ഓപ്ഷനുകൾ.നികുതി നിർണ്ണയം നടത്തുന്ന ജീവനക്കാർ, ആദ്യ ഫീൽഡിൽ രേഖപ്പെടുത്തിയ റോഡ്,മേല്പറഞ്ഞതിൽ ഏതു തരമാണെന്ന് ഒന്നുകിൽ സ്വയം തീരുമാനിക്കുകയോ, അല്ലെങ്കിൽ സമർപ്പിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ വീതി സ്വീകരിക്കുകയോ ചെയ്യുന്ന രീതിയാണ് നിലവിൽ. എന്നാൽ ആസ്തിരജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ യഥാർത്ഥ വീതി, നീളം എന്നിവ പരിശോധിക്കാതെ റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് വൻ നികുതി നഷ്ടം വർഷാവർഷം സംഭവിക്കുന്നതിന് കാരണമാകാം. റോഡിന്റെവീതി നികുതിനിരക്കിനെ ബാധിക്കുമെന്നതിനാൽ തെറ്റായി നല്കുന്ന വിവരം നഷ്ടത്തിലേക്ക് നയിക്കുമെന്നതാണ് കാരണം. 2011ലെ കേ.പ.രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം6, പട്ടിക2പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20% ശതമാനത്തിന്റെ വർദ്ധന ഉണ്ടാകും. കൂടാതെ ഒന്നര മീറ്ററിൽ കുറവുള്ള റോഡുകൾ, പൊതുവഴിയില്ലാത്തവ എന്നിവ പ്രസക്തമാകുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ നിന്നും യഥാക്രമം 10 ശതമാനത്തിന്റേയും 20 ശതമാനത്തിന്റേയും കുറവ് വരുന്നുമുണ്ട്. യഥാർത്ഥത്തിൽ പഞ്ചായത്തിലുള്ള എല്ലാ റോഡുകളുടേയും വീതി സോഫ്റ്റ്‌വെയറിൽ തന്നെ ലഭ്യമാവുമ്പോൾ നികുതി നഷ്ടത്തിന് സാധ്യതയില്ലാതാകുന്നു. ആസ്തി രജിസ്റ്ററിലെ മുഴുവൻ റോഡുകളും ഇപ്രകാരം സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താത്തത് കാരണം സ്ഥാപനത്തിന് വൻ നികുതി നഷ്ടം വർഷാവർഷം സംഭവിക്കുന്നതിന് കാരണമാകുന്നു. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-12 തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല**

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ പ്രത്യേകിച്ചും വിവിധ ബിൽഡിംഗ് സൂപ്പർവൈസർമാർ,അംഗീകൃത കരാറുകാർ, എം.ജി.എൻ.ആർ.ഇ.ജി.എസ് മെറ്റീരിയൽ സപ്ലയേർസ്, കെട്ടിട ഉടമകൾ , ഡോക്ടർമാർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബ്യാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടിക്രമങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205ബി, ചട്ടം13 എന്നിവ കാണുക)
2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്.
3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ

രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്. എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ,തൊഴിലാളികൾ,വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന മുഴുവൻ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല എന്നത് ലൈസൻസ് സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

4. ടെയിഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാനചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ്. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വാണിജ്യകെട്ടിടങ്ങൾക്കു മുകളിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല.

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം 1712 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. ഇതിൽ 45 കെട്ടിടങ്ങൾക്ക് 2019-20 വർഷത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 1667 കെട്ടിടങ്ങൾ നികുതി നിർണ്ണയത്തിനു ഉപയോഗപ്പെടുത്താവുന്നതാണ്. എന്നാൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 213 ഡിമാന്റുകളിൽ നിന്നുമാത്രമാണ് നികുതി ഈടാക്കിയിരിക്കുന്നത്. അതായത് 1667 കെട്ടിടങ്ങളിൽ ഏതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205ബി, ചട്ടം13 എന്നിവ കാണുക) എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു. വേക്കൻസി റമിഷൻ കഴിഞ്ഞ് 1667 കെട്ടിടങ്ങൾ ഉണ്ടെന്നുള്ളതിനാൽ പരാമവധി അത്രയും ഡിമാന്റുകൾ കൂടി തൊഴിൽ നികുതിയുടെ കാര്യത്തിൽ ഉണ്ടാവേണ്ടതുണ്ട് എന്നാൽ അതുണ്ടായിട്ടില്ല. വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന മുഴുവൻ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല എന്നത് ലൈസൻസ് സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ടെയിഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ്. നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ 2019-20 സാമ്പത്തിക വർഷത്തെ കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ദി ക്രാഡിൽ പദ്ധതിയുടെ ഭാഗമായുള്ള വിവിധ അങ്കണവാടികളുടെ ആധുനികവൽക്കരണം - പദ്ധതി നടത്തിപ്പിലെ അപാകത

കോഴിക്കോട് ജില്ലയിലെ ഐ.സി.ഡി.എസ്.പദ്ധതിയുടെ സമഗ്രവികസനത്തിനായി ജില്ലാ ഭരണകൂടവും, വനിത ശിശുവികസന വകുപ്പും, ജില്ലാ പഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് "ദി ക്രാഡിൽ' . സ്ത്രീകളുടെയും കുട്ടികളുടെയും ശാരീരിക മാനസിക ആരോഗ്യം മെച്ചപ്പെടുത്തുക, പ്രീ സ്കൂൾ കുട്ടികളുടെ പ്രായത്തിനും വികാസത്തിനും അനുയോജ്യമായ സൗകര്യങ്ങളും സാഹചര്യങ്ങളും സൃഷ്ടിച്ചുകൊണ്ട് അങ്കണവാടികളെ മെച്ചപ്പെട്ട ശിശുവികസന കേന്ദ്രങ്ങളാക്കി മാറ്റുക,കുട്ടികളുടെ ശേഷികൾ വിലയിരുത്തുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ വികസിപ്പിക്കുക,അങ്കണവാടി സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിന് സഹായകമായ സൗകര്യങ്ങൾ

വികസിപ്പിക്കുക,ഗർഭിണികളുടെയും കൗമാരക്കാരുടെയും ശാരീരികമാനസിക അവസ്ഥ സ്വയം വിലയിരുത്തുന്നതിന് സഹായകമായ ടൂൾസ് വികസിപ്പിക്കുക ,അങ്കണവാടി പ്രവർത്തകർ, സ്കൂൾ കൗൺസിലർമാർ എന്നിവരുടെ ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 ൽ 5 അങ്കണവാടികൾ നവീകരിക്കുന്നതിനായി താഴെ കൊടുത്ത പ്രകാരം 5 പ്രോജക്ടുകൾ സ്പിൽ ഓവറായി നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്ട് നം/പേര് | ചെലവു തുക | ഫണ്ടിനം | ബിൽ നംപർ |
|---|---|---|---|
| പറപ്പാറ അങ്കണവാടി ആധുനിക വൽക്കരണം 187/21 | 104078 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 46/11-4-20 |
| അരീക്കൽ അങ്കണവാടി ആധുനിക വൽക്കരണം 192/21 | 104078 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 46/11-4-20 |
| പള്ളിത്താഴം അങ്കണവാടി ആധുനിക വൽക്കരണം 193/21 | 233579 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 43/11-4-20 |
| വെള്ളാട്ടുമ്മൽത്താഴം അങ്കണവാടി ആധുനിക വൽക്കരണം 194/21 | 199437 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 96/11-4-20 |
| രാംപൊയിൽ അങ്കണവാടി ആധുനിക വൽക്കരണം 207/21 | 104078 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 46/11-8-20 |
| ആകെ | 745250 | | |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 745250രൂപ ഉപയോഗിച്ച് താഴെ കൊടുത്തിരിക്കുന്ന സാധനങ്ങളും/സേവനങ്ങളും ആർട്കോയിൽ നിന്നും 195/20-1-2020,196/20-1-2020 എന്നീ രണ്ടു ക്യാഷ് ബില്ലുകൾ പ്രകാരം വാങ്ങിയിട്ടുണ്ട്.

| ക്രമ നംപർ | ഇനം | എണ്ണം |
|---|---|---|
| 1 | Colourful Play Mat | 300 |
| 2 | Alphabet Mat $ Number Mat | 180 |
| 3 | Dust Bin Outdoor $ Indoor | 4 |
| 4 | Vegetable Garden Stand Set | 2 |
| 5 | Bamboo Setting | 17 |
| 6 | Rocker | 5 |
| 7 | Ride On | 5 |
| 8 | Outdoor Football $ Turff | 2 |
| 9 | Book Shelf | 5 |
| 10 | Super Slide | 5 |
| 11 | Outdoor Grass Planting | 1 |
| 12 | Learning Kit | 5 |
| 13 | Indoor Toy Bin | 5 |
| | | |

| | | |
|---|---|---|
| 14 | Painting With Art Work | 5 |
| 15 | Outdoor Fun Slide | 2 |
| 16 | Sea Saw | 2 |
| 17 | Front Round Table | 15 |
| 18 | Baby Chair | 75 |
| 19 | Activity Cube | 5 |
| 20 | Easel Wooden | 5 |
| 21 | Basket Ball Set | 5 |
| 22 | Play Junction | 5 |

പ്രോജക്ട് നടത്തിപ്പിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.ആർട്കോയിൽ നിന്നും വാങ്ങിയ സാധനങ്ങൾ സ്വന്തം നിലയിൽ നിർമ്മിച്ചതാണെന്ന് ഉറപ്പാക്കിയില്ല.

ആർട്കോയിൽ നിന്നും വാങ്ങിയ സാധനങ്ങൾ അവർ സ്വന്തം നിലയിൽ നിർമ്മിച്ചതാണെന്ന് ഉറപ്പാക്കിയാൽ മാത്രമേ ടെണ്ടർ നടപടികൾ ഒഴിവാക്കി നേരിട്ട് വാങ്ങാൻ പാടുള്ളൂ എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. അങ്കണവാടികളിലേക്ക് വാങ്ങിയ കളിക്കോപ്പുകൾ ആർട്കോ സ്വന്തം നിലയിൽ നിർമ്മിച്ചതാണോ എന്ന് വ്യക്തമല്ല. വിതരണം ചെയ്യുന്ന എല്ലാ സാധനങ്ങളും അവർ നേരിട്ട് നിർമ്മിച്ചതാണെന്നും പുറത്തുനിന്നും വാങ്ങിയതല്ലെന്നും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ആർട്കോ മാനേജിംഗ് ഡയറക്ടറിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്. കളിക്കോപ്പുകൾ നിർമ്മിക്കുന്നതിനും മേൽ പ്രവർത്തികൾ നിർവ്വഹിക്കുന്നതിനും ഈ കാലയളവിൽ സർക്കാർ അനുമതി നൽകിയ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

2.വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനമില്ല.

പഞ്ചായത്തിന്റെ 2019-20-,20-21 കാലയളവിലെ പ്രൊക്യൂർമെൻ്റ് കമ്മറ്റി മിനുട്സ് പരിശോധിച്ചപ്പോൾ ആർട്കോയിൽ നിന്നും അങ്കണവാടികൾക്ക് സാധനങ്ങൾ വാങ്ങിയത് പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ തീരുമാനമെടുക്കാതെയാണെന്ന് കണ്ടു.

3.വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.

14-9-2021 ന് ഓഡിറ്റിന്റെ ഭാഗമായി പള്ളിത്താഴംഅങ്കണവാടി, വെള്ളാട്ടുമ്മൽത്താഴം അങ്കണവാടി എന്നിവ സന്ദർശിച്ചപ്പോൾ അങ്കണവാടികളിൽ പ്രോജക്ടിന്റെ ഭാഗമായി ലഭിച്ച സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ലെന്ന് കണ്ടു.5 അങ്കണവാടികൾക്കും ലഭിച്ച സാധനങ്ങൾ സ്റ്റോക്കിലെടുത്ത് പരിശോധനയ്ക്ക് നൽകിയിട്ടില്ല.

4.ഒരു ലക്ഷ്യത്തിനായി 5 വ്യത്യസ്ത പ്രോജക്ടുകളിൽ തുക വകയിരുത്തി ചെലവഴിച്ചു.

ദി ക്രാഡിൽ പദ്ധതിയുടെ ഭാഗമായി ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ കീഴിൽ വരുന്ന 5 അങ്കണവാടികൾ ആധുനികവൽക്കരിക്കുന്നതിനായി ഒരു പ്രോജക്ട് മുഖേന തുക ചെലവഴിക്കുന്നതിനു പകരം 5 വ്യത്യസ്ത പ്രോജക്ടുകളിൽ തുക വകയിരുത്തി ചെലവഴിച്ചതിന്റെ കാരണം വ്യക്തമല്ല.

5.മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

സാധനങ്ങളുടെ വാങ്ങൽ,ഗുണനിലവാരം എന്നീ ഘടകങ്ങൾ മോണിറ്റർ ചെയ്തതിന്റെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

6.വാല്വേഷനില്ലാതെ തുക നൽകി.

5 മീറ്റർ നീളത്തിലും 2 മീറ്റർ വീതിയിലുമായിപള്ളിത്താഴംഅങ്കണവാടി,വെള്ളാട്ടുമ്മൽത്താഴം അങ്കണവാടി എന്നീ 2അങ്കണവാടികളിൽ ആർട്കോ ഫുട്ബോൾ ടർഫ് പ്രവർത്തി ചെയ്തിട്ടുണ്ട്. 2 ഫുട്ബോൾ ടർഫുകൾക്കും കൂടി ആകെ 20 ചതുരശ്ര മീറ്റർ വിസ്തീർണ്ണമാണുള്ളത്. ആർട്കോയുടെ ബിൽ പ്രകാരം അളവ് 230 എന്ന് കാണിച്ച് 12%ജി.എസ്.ടി ഉൾപ്പെടെ 75992 രൂപ ഈടാക്കിയിട്ടുണ്ട്. ഇപ്രകാരം തുക ഈടാക്കിയതെങ്ങിനെയെന്ന് വ്യക്തമല്ല. പള്ളിത്താഴംഅങ്കണവാടിയിൽ മാത്രമാണ് ഔട്ട് ഡോർ ഗ്രാസ്സ് പ്ളാന്റിംഗ് ചെയ്തിട്ടുള്ളത്. ആയതിന് 525 എന്ന അളവ് കാണിച്ച് 12%ജി.എസ്.ടി ഉൾപ്പെടെ 28224 ഈടാക്കിയിട്ടുണ്ട്. 230, 525 എന്നിവയുടെ യൂനിറ്റും രേഖപ്പെടുത്തിയിട്ടില്ല. 5 അങ്കണവാടികൾക്ക്ചുമരിൽ ആർട് പെയിന്റിംഗ് ചെയ്തതിന് ഒന്നിന് 26220 രൂപ നിരക്കിൽ 12%ജി.എസ്.ടി ഉൾപ്പെടെ 146832 രൂപ ഈടാക്കിയിട്ടുണ്ട്. 5 അങ്കണവാടികളുടെയും ചുമരിന്റെ ഏരിയ വ്യത്യസ്തമായിരിക്കെ ഓരോന്നിനും 26220 രൂപ നിരക്കിൽ തുക ഈടാക്കിയതെങ്ങിനെയെന്ന് വ്യക്തമല്ല.മൂന്നു പ്രവർത്തികൾക്കും വാല്വേഷനില്ലാതെ തുക നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് ( നം.27/15-9-21) മറുപടി നൽകിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 745250 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

,

1-15 കോക്ളിയർ ഇംപ്ളാന്റേഷൻ -ഉപകരണങ്ങളുടെ അറ്റകുറ്റപണി -അധികതുക നൽകി.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | കോക്ളിയർ ഇംപ്ളാന്റേഷൻ 196/21 |
| വകയിരുത്തിയ തുക | 60000/-( വി.ഫണ്ട്-പൊതു.) |
| ചെലവഴിച്ച തുക,ബിൽ നമ്പർ,തിയ്യതി | 60000/-(28/11.04.20) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

കോക്ളിയർ ഇംപ്ളാന്റേഷൻ സർജറി ചെയ്ത കുട്ടികൾക്ക് ഉപകരണം മെയിന്റനൻസ് ചെയ്യുന്നതിന് ധനസഹായം അനുവദിക്കുക എന്നതാണ് പ്രൊജക്ട് ലക്ഷ്യം. 26.02.2019 ലെ സർക്കാർ ഉത്തരവ് 426/2019(ത.സ്വ.ഭ.വ) പ്രകാരം ഒരു കുട്ടിക്ക് 50000/-രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് തുക ട്രാൻസ്ഫർ ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്.ആയതുപ്രകാരം വിഷ്ണു.എം,വെളയാമ്പറ്റമ്മൽ,മടവൂർ എന്ന കുട്ടിക്കായി തൻവർഷം 60000/- രൂപ ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി അധിക തുക ട്രാൻസ്ഫർ ചെയ്തതിന് മറുപടി ലഭ്യമാക്കേണ്ടതും കോക്ളിയർ ഇംപ്ളാന്റേഷൻ നടത്തിയ കുട്ടികളുടെയും ഇതുവരെ ആനുകൂല്യം നൽകിയവരുടെയും ലിസ്റ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (-12/13.09.21)മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശം പരിശോധനക്ക് ലഭ്യമാക്കേണ്ടതും അധികം നൽകിയ 10,000/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

1-16 പണി പൂർത്തീകരിക്കാത്ത വയോജന മന്ദിരത്തിലേക്ക് ഫർണ്ണീച്ചറുകളും ടി.വി.യും വാങ്ങി സൂക്ഷിച്ചു.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | വയോജന മന്ദിരത്തിലേക്ക് സാധനങ്ങൾവാങ്ങലും വേതനം നൽകലും 203/21 |
| വകയിരുത്തിയ തുക | 205000/-( പൊതു.വികസന ഫണ്ട്) |
| ചെലവഴിച്ച തുക,ബിൽ നമ്പർ,തിയ്യതി | 165000/-(49/28.04.20)(SIDCO)<br>16500/-( 50 / 28.04.20)((KSIE) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

ഗ്രാമപഞ്ചായത്തിലെ അങ്കത്തായ് വാർഡിലുള്ള വയോജനമന്ദിരത്തിലേക്ക് കേരള സിഡ്കോയിൽ നിന്നും 18വീതം കട്ടിലുകൾ,ഹോസ്പിറ്റൽ ബെഡുകൾ,സ്റ്റീൽ ടേബിളുകൾ,സ്റ്റീൽ ചെയറുകൾ,സ്റ്റീൽ കേബിനറ്റുകൾ,ഫൈബർ ആംലെസ്സ് ചെയറുകൾ, സ്റ്റീൽ പ്ലെയിൻ ടേബിളുകൾ എന്നിവയും കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസസ് ലി. നിന്നും 32"LED ടി.വിയും നേരിട്ട് വാങ്ങിയിട്ടുണ്ട്. ടി.വി.യുടെ ബ്രാന്റ് നെയിമും വാറണ്ടിയും ബില്ലിൽ വ്യക്തമാക്കിയിട്ടില്ല.

വയോജനമന്ദിരത്തിന്റെ ഇലക്ട്രിക്കൽ വയറിംഗ് നടത്തുകയോ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.വാങ്ങിയ ഫർണ്ണീച്ചറുകൾ വയോജനകേന്ദ്രത്തിലും ടി.വി.അടുത്തുള്ള അങ്കണവാടിയിലുമാണ് സൂക്ഷിച്ചിട്ടുള്ളത്.

പണിപൂർത്തിയാക്കാത്ത വയോജന മന്ദിരത്തിലേക്ക് ഫർണ്ണീച്ചറുകൾ വാങ്ങിയതിനും വൈദ്യുതിപോലുമില്ലാത്ത കെട്ടിടത്തിലേക്ക് ടി.വി.വാങ്ങി ഉപയോഗപ്പെടുത്താതെ അടുത്തുള്ള അങ്കണവാടിയിൽ സൂക്ഷിച്ചതിനും മറുപടി ലഭ്യമാക്കേണ്ടതാണ്.

കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസസ് ലി. നിന്നും ടെണ്ടർ നടപടികളില്ലാതെ നേരിട്ട് ടി.വി. വാങ്ങുവാനുള്ള സർക്കാർ ഉത്തരവ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നും മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/13.09.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യകത പരിഗണിക്കാതെ പണി പൂർത്തീകരിക്കാത്ത വയോജന മന്ദിരത്തിലേക്ക് ഫർണ്ണീച്ചറുകളും ടി.വി.യും വാങ്ങിയ നടപടി അംഗീകരിക്കാവുന്നതല്ല. ചെലവുതുക 181500/-തടസ്സത്തിൽ വെക്കുന്നു.

**1-17 അങ്കണവാടികൾക്ക് മിക്സി വാങ്ങൽ-ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല.**

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | അങ്കണവാടികൾക്ക് മിക്സി വാങ്ങൽ208/21 |
| വകയിരുത്തിയ തുക | 118962/-( MG-NR) |
| ചെലവഴിച്ച തുക,ബിൽ നമ്പർ,തിയ്യതി | 117450/-(95/11.08.20) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

ഗ്രാമപഞ്ചായത്തിലെ 27അങ്കണവാടികളിലേക്കായി കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസസ് ലി. നിന്നും പ്രെസ്റ്റീജിന്റെ പെർഫെക്ട് 750 എന്ന മിക്സർ ഗ്രൈന്ററുകൾ 27എണ്ണം നേരിട്ട് വാങ്ങിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസസ് ലി. നിന്നും അവർ സ്വന്തം നിലയിൽ നിർമ്മിക്കാത്ത സാധനങ്ങൾ ടെണ്ടർ നടപടികളില്ലാതെ നേരിട്ട് വാങ്ങുവാനുള്ള സർക്കാർ ഉത്തരവ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/13.09.21 )മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസസ് സ്വന്തം നിലയിൽ നിർമ്മിക്കാത്ത സാധനങ്ങൾ ടെണ്ടർ നടപടികളില്ലാതെ നേരിട്ട് വാങ്ങിയ നടപടി അംഗീകരിക്കാവുന്നതല്ല. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

**1-18 അങ്കണവാടികൾക്ക് സ്മാർട്ട് ടി.വി.വാങ്ങൽ-ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല.**

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | അങ്കണവാടികൾക്ക് സ്മാർട്ട് ടി.വി.വാങ്ങൽ180/21 |
| വകയിരുത്തിയ തുക | 220000/-( MG-NR) |
| ചെലവഴിച്ച തുക,ബിൽ നമ്പർ,തിയ്യതി | 220000/-(42/11.04.20) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

ഗ്രാമപഞ്ചായത്തിലെ വിവിധ അങ്കണവാടികളിലേക്കായി ആർട്ടിസാൻസ് ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ലി. നിന്നും സ്മാർട്ട് ടി.വി.കളും സൌണ്ട് സിസ്റ്റവും നേരിട്ട് വാങ്ങിയിട്ടുണ്ട്. ആർട്ട്കോയിൽ നിന്നും അവർ സ്വന്തം നിലയിൽ നിർമ്മിക്കുന്ന വുഡൻ ഫർണ്ണീച്ചറുകൾ മാത്രമേ ടെണ്ടർ നടപടികളില്ലാതെ നേരിട്ട് വാങ്ങുവാൻ പാടുള്ളൂ എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ആർട്ട്കോ സ്വന്തമായി നിർമ്മിക്കാത്തതും ടെണ്ടർ നടപടികളില്ലാതെ നേരിട്ട് വാങ്ങുവാൻ സർക്കാർ അനുവാദം നൽകാത്തതുമായ സാധനങ്ങൾ വാങ്ങിയതായി കാണുന്നു. വാങ്ങിയ സാധനങ്ങളുടെ ബ്രാന്റ് നെയിം ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല.വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | സാധനങ്ങളുടെ വിശദാംശം | എണ്ണം | ടാക്സ് ഉൾപ്പെടെ വില |
|---|---|---|---|
| 1 | 32Inch Full HD -Crystal TV | 10 | 167560 |
| 2 | Home Theater Sound System With 5.1 Channel | 10 | 62540 |

സെസ്സ് ഉൾപ്പെടെ 232050/-രൂപയാണ് ബിൽതുക.അതിൽ 220000/-രൂപ നൽകിയിട്ടുണ്ട്.

ആർട്ട്കോയിൽ നിന്നും ടെണ്ടർ ക്ഷണിക്കാതെ നേരിട്ട് സാധനങ്ങൾ വാങ്ങുമ്പോൾ അവർ വിതരണം ചെയ്യുന്ന എല്ലാ സാധനങ്ങളും അവർ നേരിട്ട് നിർമ്മിച്ചതാണെന്നും പുറത്തുനിന്നും വാങ്ങിയതല്ലെന്നും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് മാനേജിംഗ് ഡയറക്ടറിൽനിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്. അത്തരം സർട്ടിഫിക്കറ്റ് വാങ്ങിയതായി കാണുന്നില്ല.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/13.09.21)മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

**1-19 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉപയോഗപ്പെടുത്തുകയോ പ്രിന്റർ ലഭ്യമാക്കുകയോ ചെയ്തില്ല.**

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | ഐ.സി.ഡി.എസ്. ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ-181/21 |

| | |
|---|---|
| വകയിരുത്തിയ തുക | 75000/-( M.G-NR) |
| ചെലവഴിച്ച തുക,ബിൽ നമ്പർ,തിയ്യതി | 73231/-(287/11.04.20) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

മേൽ പ്രൊജക്റ്റ് പ്രകാരം CPRCS പോർട്ടലിൽ നിന്നും താഴെ കാണിച്ച സാധനങ്ങൾ വാങ്ങുന്നതിന് പണം നൽകിയിട്ടുണ്ട് .വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | ഇനം | തുക |
|---|---|---|---|
| 1 | Tvm/ITBG/P1/RC/16204/19-20 /31.01.20 | Desktop-Medium End Windows 10- | 40469/- |
| 2 | Tvm/ITBG/P1/RC/16204/19-20 /31.01.20 | Laser Printer- | 10176/- |
| 3 | Tvm/ITBG/P1/RC/16204/19-20 /31.01.20 | Scanner A4 | 19987/- |
| 4 | Tvm/ITBG/P1/RC/16204/19-20 /31.01.20 | UPS 600VA | 2599/- |
| | | | 73231/- |

നാളിതുവരെയും പ്രിന്റർ ലഭിച്ചിട്ടില്ല. ലഭ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഇതുവരെയും ഉപയോഗപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/13.09.21 )മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രിന്റർ ലഭ്യമാക്കി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉപയോഗപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.ചെലവുതുക തടസ്സത്തിൽവെക്കുന്നു.

1-20 ജലജീവൻമിഷൻ-പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല

ഗ്രാമീണമേഖലയിലെ മുഴുവൻ വീട്ടുകളിലും കുടിവെള്ളകണക്ഷൻ നൽകാനായി നടപ്പിലാക്കുന്ന ജലജീവൻമിഷൻ പദ്ധതിയിൽ കേന്ദ്ര സർക്കാർ 45% വിഹിതവും സംസ്ഥാന സർക്കാർ 30%വിഹിതവും ഗ്രാമപഞ്ചായത്ത് 15%വിഹിതവും ഉൾപ്പെടെ 90% സബ്സിഡിയും 10% ഗുണഭോക്തൃവിഹിതവുമാണ് ചെലവഴിക്കുന്നത്. ആയതുപ്രകാരം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ കൊടുത്ത പ്രൊജക്ടിന് കേരള വാട്ടർ അതോറിറ്റിയിൽ പണം നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേര്,നമ്പർ | നിക്ഷേപിച്ച തുക | ബിൽ നമ്പർ,തിയ്യതി |
|---|---|---|---|
| 1 | ജലജീവൻമിഷൻ പഞ്ചായത്ത് വിഹിതം കൈമാറൽ 254/21 | 265500/- (വി.ഫ.പൊതു.) | 298/26.03.21 |

പദ്ധതിയുടെ ഫേസ്-1 പ്രകാരം 50ഗുണഭോക്താക്കൾക്ക് വാട്ടർകണക്ഷൻ നൽകുന്നതിനാണ് ലക്ഷ്യമിട്ടത്. വാട്ടർഅതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ (1770000x15/100=265500/-)മേൽ കാണിച്ച തുക അതോറിറ്റിയിൽ അടവാക്കി. അപേക്ഷ രജിസ്റ്റർ പ്രകാരം326 പേരിൽ നിന്നും അപേക്ഷ സ്വീകരിച്ചിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ മേൽ പ്രോജക്ട് ഇതുവരെയും പൂർത്തീകരിച്ചതായി കാണുന്നില്ല. പണിപൂർത്തീകരിച്ചതുസംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പ്രൊജക്ടുകൾക്ക് വർഷാരംഭത്തിൽ തന്നെ അംഗീകാരം ലഭിച്ചെങ്കിലും തുക കൈമാറേണ്ട നിർവ്വഹണോദ്യോഗസ്ഥൻ അവസാനസമയത്താണ് പണം വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുള്ളത്. വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തുതല കർമ്മ പദ്ധതി, ഗുണഭോക്തൃലിസ്റ്റ്,ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെയും അടവാക്കിയതിന്റെയും വിശദാംശം,ഓരോ ഗുണഭോക്താവിന്റെയും എസ്റ്റിമേറ്റ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണെന്ന് ഓഡിറ്റ് എൻക്വയറിയിലൂടെ (05/13.09.21)ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിപൂർത്തീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 1-21 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തി - നിർവ്വഹണത്തിലെ അപാകത

2020-21 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികളിൽ പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. ഓഡിറ്റ് വർഷത്തിൽ നിർമ്മാണം നടത്തിയ ഏതാനും സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പ്രോജക്റ്റ് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1223/21 | കുഴിപ്രമ്മൽ കോളനി സമഗ്ര വികസനം | 10,00000 (300000എസ്.സി.പി.ഫണ്ട്,700000 ബ്ളോക്ക് പഞ്ചായത്ത് വിഹിതം) | 906390 |
| 7/21 | കൂടത്തൂർതാഴം പയങ്കരക്കുന്ന് റോഡ് | 340000 തനതു ഫണ്ട് | 327496 |
| 11/21 | വട്ടംകണ്ടി കുന്നത്തുപള്ളി റോഡ് | 350000 (13029വി.ഫണ്ട്,236971 സി.എഫ്.സി) | 350000 |
| 160/21 | കൊട്ടക്കാവയൽ പൂളൂന്നിച്ചാലിൽ റോഡ് | 350000 മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 348706 |

മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവിധ സ്ട്രക്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്തികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവൃത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mmൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു. കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവൃത്തികൾ നടത്താനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ടു നൽകിയ എൻക്വയറിക്ക് ( നം.17/13-9-21)മറുപടി നൽകിയിട്ടില്ല. സ്പെസിഫിക്കേഷന് വിരുദ്ധമായി പ്രവൃത്തി നടത്തിയതിൽ വിശദീകരണം നൽകേണ്ടതും വ്യക്തമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഇത്തരം പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ് .

## 1-22 വയോ ക്ളബ്ബ് -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്ട് നം- 42/21

വകയിരുത്തിയ തുക-200000(ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 190632

ബിൽ നംപർ-35/20-2-21

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രോജക്ട് മുഖേന വയോ ക്ളബ്ബ് നിർമ്മിക്കുന്നതിനായി തൻ വർഷം 190632 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് പ്രകാരം കെട്ടിടത്തിന്റെ തറയും അരച്ചമരും പ്ളാസ്റ്ററിംഗും പൂർത്തിയാക്കി ഗ്രില്ലിട്ട് മുകൾ ഭാഗം ഷീറ്റിടുന്ന പ്രവർത്തി മാത്രമാണ് പൂർത്തിയായത്.സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ.തീ:29-1-2018 പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം ഖ.3.5.1 പ്രകാരം കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിട നിർമ്മാണം,അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ളംബിംഗ്,എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായി വേണം തയ്യാറാക്കേണ്ടതാണ്.കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി ഫ്ളോറിംഗ്,പ്ളംബിങ്,ഫോൾസ് സീലിംഗ്,ബാത്ത്റൂം, കെട്ടിടത്തിന്റെ ചുറ്റും ഗ്രില്ലിടൽ ,ഡോർ സ്ഥാപിക്കൽ, പെയിന്റിംഗ് ,ഇലക്ട്രിഫിക്കേഷൻ എന്നിവ കൂടി പൂർത്തീകരിക്കാനുണ്ട്. അംഗീകാരം ലഭിച്ച 2021-22 വർഷത്തെ പ്രോജക്ടിലും വയോ ക്ളബ്ബിന്റെ പൂർത്തീകരണത്തിനായി തുക വകയിരുത്തിയിട്ടില്ല. മാർഗ്ഗരേഖയിൽ പ്രതിപാദിച്ച പ്രകാരം കെട്ടിട നിർമ്മാണത്തിനായി സമഗ്ര പ്രോജക്ട് രൂപീകരിച്ച് തുക വകയിരുത്തി ചെലവഴിക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കാതെ പാതി വഴിയിലാണ്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട നൽകിയ എൻക്വയറിക്ക് (നം.16/13-9-21)മറുപടി നൽകിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-23 പട്ടിക ജാതിഉപപദ്ധതിവിഹിതം-വകമാറ്റി ചെലവഴിച്ചു.

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ താഴെ കൊടുത്ത പ്രൊജക്റ്റിലൂടെ ചെലവഴിച്ച പട്ടിക ജാതി ഉപപദ്ധതിവിഹിതം വകമാറ്റിയതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര.നം. | പ്രൊജക്ട് | ചെലവു തുക ബിൽ നം. | ആകെ ഗുണഭോക്താക്കളുടെ എണ്ണം | എസ്.സി. % |
|---|---|---|---|---|
| 1 | അങ്കണവാടി പോഷകാഹാരവിതരണം എസ്.സി. 109/2021 | 222705/- (128/29.09.20) 177295/- (136/30.10.20) | 3586 | 192(5.35%) |

02.02.2018ലെ സ.ഉ.(കൈ)17/2018ത.സ്വ.ഭ.വ പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക6-1ൽ1,5(ii)എന്നിവ പ്രകാരം പട്ടികജാതിഉപപദ്ധതിവിഹിതം പാഴാക്കാനോ വകമാറ്റിചെലവഴിക്കാനോപാടില്ല.ആകെ ഗുണഭോക്താക്കളിൽ പട്ടികജാതിവിഭാഗക്കാരുടെഎണ്ണം 50%ൽകുറവായിരിക്കുകയും എന്നാൽ25% എങ്കിലും ഉണ്ടായിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ പട്ടികജാതിവിഭാഗക്കാരുടെ ശതമാനത്തിന് ആനുപാതികമായ വിഹിതം പട്ടികജാതിഉപപദ്ധതിവിഹിതത്തിൽനിന്ന് വകയിരുത്താവുന്നതും ബാക്കി തുക പൊതുവിഭാഗം/തനത്ഫണ്ടിൽനിന്ന് വകയിരുത്തുകയും ചെയ്യേണ്ടതാണ്.പട്ടികജാതിവിഭാഗക്കാരുടെ എണ്ണം 25% ത്തിൽ താഴെയാണെങ്കിൽ പൂർണ്ണമായും പൊതുവിഭാഗം വികസനഫണ്ട്/തനത്ഫണ്ട് തന്നെ വകയിരുത്തണം.

നിർവഹണോദ്യോഗസ്ഥ ഹാജരാക്കിയ രേഖകൾപ്രകാരം മേൽ പ്രൊജക്റ്റിലെ പട്ടികജാതി ഗുണഭോക്താക്കളുടെ എണ്ണം 25%ത്തിൽതാഴെയാണ്.ഇത്തരം സന്ദർഭത്തിൽ പൂർണ്ണമായും പൊതുവിഭാഗം വികസനഫണ്ടോ തനത്ഫണ്ടോ ആണ് വകയിരുത്തേണ്ടത്.

ഗുണഭോക്താക്കളുടെ എണ്ണം നിശ്ചിതശതമാനത്തിലും കുറവായിട്ടും പട്ടികജാതിഉപപദ്ധതിവിഹിതം വകയിരുത്തി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/13.09.2021)മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 പൈപ്പ് ലൈൻനീട്ടൽ പ്രവൃർത്തികൾ- പൂർത്തീകരണവിവരം ലഭ്യമല്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ കൊടുത്ത പ്രവൃത്തികൾക്ക് കേരള വാട്ടർ അതോറിറ്റിയിൽ പണം നിക്ഷപിച്ചിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേര്,നമ്പർ | നിക്ഷേപിച്ച തുക | ബിൽ നമ്പർ,തിയ്യതി |
|---|---|---|---|
| 1 | കൊട്ടക്കാവയൽ പൈപ്പ് ലൈൻനീട്ടൽ 246/21 | 270000/-(ധ.ക.ഗ്രാന്റ്) | 22/20.03.21 |
| 2 | തച്ചംകുന്ന് പൈപ്പ് ലൈൻനീട്ടൽ 245/21 | 370000/-(ധ.ക.ഗ്രാന്റ്) | 3605/19.03.21 |
| 3 | തച്ചൂർ തച്ചൂർമീത്തൽ പൈപ്പ് ലൈൻനീട്ടൽ138/21 | 101000/-(ധ.ക.ഗ്രാന്റ്) | 255/10/03.21 |
| | ആകെ | 741000/- | |

ഫയൽ പരിശോധിച്ചതിൽ മേൽ പ്രോജക്ടുകൾ ഇതുവരെയും പൂർത്തീകരിച്ചതായി കാണുന്നില്ല. പണിപൂർത്തീകരിച്ചതുസംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പ്രൊജക്ടുകൾക്ക് വർഷാരംഭത്തിൽ തന്നെ അംഗീകാരം ലഭിച്ചെങ്കിലും തുക കൈമാറേണ്ട നിർവ്വഹണോദ്യോഗസ്ഥൻ അവസാനസമയത്താണ് പണം വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുള്ളത്. വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചതായി കാണുന്നില്ല.അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം, ഫൈനൽബില്ലിന്റെ കോപ്പി, എം.ബുക്ക് എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറിക്ക് മറുപടി (04/13.09.21) ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.ചെലവുതുക തടസ്സത്തിൽവെക്കുന്നു.

## 1-25 ഇ -ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക വിശദാംശം ലഭ്യമാക്കിയില്ല.

വാർഷിക കണക്കുകൾ,ഇ-ടെണ്ടർ രജിസ്റ്റർ,എന്നിവ പരിശോധിച്ചതിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ –ടെണ്ടർ നടപടികളുടെ ഭാഗമായി പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫോറം വില(ടെണ്ടർ ഫീ) പഞ്ചായത്തിന് ലഭിച്ചതായി കാണുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ട് (അക്കൗണ്ട് നം.3396129470,എസ്.ബി.ഐ,കൊടുവള്ളി) പ്രകാരം 15-6-2021 ന്1786,6-8-2021 ന് 5000 എന്നിങ്ങനെ ആകെ 6786 രൂപ ഈയിനത്തിൽ വരവു വന്നതായി കാണുന്നു. നാളിതു വരെ എത്ര പ്രവൃത്തികളുടെ ഇ-ടെണ്ടർ നടത്തിയിട്ടുണ്ടെന്നും, ഓരോ പ്രവൃത്തിയിലും ടെണ്ടർ ഫീ എത്രയുണ്ടെന്നും സംബന്ധിച്ചുമുള്ള വിശദാംശം ലഭ്യമാക്കേണ്ടതാണന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് ( നം.23/13-9-21) മറുപടി നൽകിയിട്ടില്ല. ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള മുഴുവൻ തുകയും എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി.ഡിവിഷൻ, കോഴിക്കോടിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 കുറ്റ്യാപ്പുറം കുടിവെള്ള പദ്ധതി വൈദ്യുതീകരണം- പൂർത്തീകരണവിവരം ലഭ്യമല്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ കൊടുത്ത പ്രവൃത്തിക്ക് കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ പണം നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേര്,നമ്പർ | നിക്ഷേപിച്ച തുക | ബിൽ നമ്പർ,തിയ്യതി |
|---|---|---|---|
| 1 | കുറ്റ്യാപ്പുറം കുടിവെള്ള പദ്ധതി വൈദ്യുതീകരണം 262/21 | 33471/-(ധ.ക.ഗ്രാന്റ്) | 269/19.03.21 |

ഫയൽ പരിശോധിച്ചതിൽ മേൽ പ്രോജക്ട് ഇതുവരെയും പൂർത്തീകരിച്ചതായികാണുന്നില്ല. പണി പൂർത്തീകരിച്ചതു സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പ്രൊജക്ടുകൾക്ക് വർഷാരംഭത്തിൽ തന്നെ അംഗീകാരം ലഭിച്ചെങ്കിലും തുക കൈമാറേണ്ട നിർവ്വഹണോദ്യോഗസ്ഥൻ അവസാനസമയത്താണ് പണം വൈദ്യുതി ബോർഡിന് കൈമാറിയിട്ടുള്ളത്. വൈദ്യുതി ബോർഡുമായി കരാർ ചമച്ചതായി കാണുന്നില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം,ഫൈനൽബില്ലിന്റെ കോപ്പി എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/13.09.21) മറുപടി ലഭ്യമാക്കിയിട്ടില്ല. പണി പൂർത്തീകരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 1-27 ജലനിധി പദ്ധതിക്ക് തുക കൈമാറി- പൂർത്തീകരണവിവരം ലഭ്യമല്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ജലനിധി പദ്ധതിക്കായി പണം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേര്,നമ്പർ | നിക്ഷേപിച്ച തുക | ബിൽ നമ്പർ,തിയ്യതി |
|---|---|---|---|
| 1 | ജലനിധി പഞ്ചായത്ത് വിഹിതം കൈമാറൽ 243/21 | 216205/-(ധ.ക.ഗ്രാന്റ്) | 138/4.11.20 |

ഗ്രാമപഞ്ചായത്തിലെ പ്രവർത്തനരഹിതമായ കുടിവെള്ള പദ്ധതികളായ പരപ്പാറ, വെള്ളാട്ടുമ്മൽ, ജലധാര, ഒങ്ങോറമല, ഉണ്ണേരിക്കുന്ന്, വിളയാമ്പറ്റ എന്നിവക്കായി പഞ്ചായത്ത് വിഹിതം കൈമാറിയിട്ടുണ്ട്.എന്നാൽ ഫയൽ പരിശോധിച്ചതിൽ മേൽ പ്രോജക്ട് ഇതുവരെയും പൂർത്തീകരിച്ചതായികാണുന്നില്ല.പണിപൂർത്തീകരിച്ചതുസംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ജലനിധിയുമായി കരാർ ചമച്ചതായി കാണുന്നില്ല.അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം,ഫൈനൽബില്ലിന്റെ കോപ്പി എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണെന്ന് ഓഡിറ്റ് എൻക്വയറിയിലൂടെ (07/13.09.21)ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

1-28 കമ്പ്യൂട്ടറുകൾ സമയബന്ധിതമായി ലഭ്യമായില്ല.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-256/21 |
| വകയിരുത്തിയ തുക | 116500/-(വി.ഫണ്ട്-പൊതു.) |
| ചെലവഴിച്ച തുക,ബിൽ നമ്പർ,തിയ്യതി | 112565/-(299/26.03.21) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രൊജക്ട് പ്രകാരം CPRCS പോർട്ടലിൽ നിന്നും താഴെ കാണിച്ച സാധനങ്ങൾ വാങ്ങുന്നതിന് പണം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | ഇനം | തുക |
|---|---|---|---|
| 1 | Tvm/ITBG/P1/RC/22900/20-21 /03.03.21 | Desktop-Medium End Windows 10- 2 എണ്ണം | 79594/- |
| 2 | Tvm/ITBG/P1/RC/23061/20-21/03.03.21 | Laser Printer-A4 | 12953/- |
| 3 | Tvm/ITBG/P1/RC/23060/20-21 /03.03.21 | Multi Function Printer-A4 | 20018/- |
| | | Total | 112565/- |

നാളിതുവരെയും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭിച്ചിട്ടില്ല. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി (08/13.09.21 )ലഭ്യമാക്കിയിട്ടില്ല. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

1-29 ആയുർവേദ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ - മുഴവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല

പ്രോജക്ട് നം12/21

അടങ്കൽ :-400000/-സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് :- 400000/-(ബിൽ നം.1 /20-21/10.3.21 )

മേൽ പ്രൊജക്ട് മുഖേന ആയുർവേദ ആശുപത്രിയിലേയ്ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാനായി 400000 രൂപ ആയുർവേദ മെഡിക്കൽ ഓഫീസർ ഔഷധി,കോഴിക്കോടിന് കൈമാറിയിട്ടുണ്ട്. നാളിതു വരെ 378473 രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. 21527രൂപയുടെ മരുന്ന് ഇനിയും കിട്ടാനവശേഷിക്കുന്നു. പ്രസ്തുത മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടി വിവരം അറിയിക്കേണ്ടതാണ്.

2020-21വർഷത്തെ വാർഷിക പദ്ധതിയ്ക്ക് 17.4.20 ന് തന്നെ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. എന്നാൽ മരുന്നു വാങ്ങാനുള്ള തുക കൈമാറിയത് വർഷാവസാനത്തിൽ മാത്രമാണ്. പദ്ധതി നിർവ്വഹണത്തിലുണ്ടാവുന്ന കാലതാമസവും വിശദീകരിക്കേണ്ടതാണെ ന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (നം.13/13-9-21)മറുപടി നൽകിയിട്ടില്ല. മരുന്ന് ലഭ്യമാകുന്നതുവരെ 21527 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-30 എസ്.എസ്.കെ വിനിയോഗവിവരം ലഭ്യമല്ല.

നിർവ്വഹണം - ഹെഡ്മാസ്റ്റർ

പ്രോജക്ട് നമ്പർ - 132/21

അടങ്കൽ - 3,00000

ചെലവ് - 3,00,000/-(ബിൽ നം. 2/20-21/23.1.21)

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതം മേൽ ബിൽ മുഖാന്തിരം എസ്.എസ്.കെ യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിനിയോഗ വിവരം ലഭ്യമല്ല. കോവിഡ് പശ്ചാത്തലത്തിൽ ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്ന് വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ടു നൽകിയ എൻക്വയറിക്ക് ( നം.14/13-9-21)മറുപടി നൽകിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമല്ലാത്തതിനാൽ 300000 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-31 ടെണ്ടർ നടപടികളില്ലാതെ മരുന്നു വാങ്ങി

അടങ്കൽ :-300000/-സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് :- 300000/-(ബിൽ നം.2/20-21/16-3-21 )

മേൽ പ്രൊജക്ട് മുഖേന 3 ലക്ഷം രൂപയ്ക്ക് യുനാനി ആശുപത്രിയിലേയ്ക്ക് ആവശ്യമായ മരുന്നുകൾ കോഴിക്കോട് ,പാളയത്തുള്ള ആൽബിന യുനാനി ഫാർമസിയിൽ നിന്നും ആയുർവേദ മെഡിക്കൽ ഓഫീസർ വാങ്ങി നൽകിയിട്ടുണ്ട്. സ.ഉ.കൈ നം.22/2018/ത.സ്വ.ഭ.വ.തീയതി 14-2-2018 സബ്സിഡി-ധനസഹായം സംബന്ധിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം മേൽ സ്ഥാപനം സർക്കാർ ഉത്തരവു പ്രകാരം വാങ്ങാൻ അനുവദിക്കപ്പെട്ട സ്ഥാപനമാണെന്നതിന്റെ രേഖയോ, അല്ലാത്ത പക്ഷം ടെണ്ടർ/ക്വട്ടേഷൻ വിളിച്ചതിന്റെ രേഖയോ പരിശോധനയ്ക്ക് നൽകിയിട്ടില്ല. കൂടാതെ ഫയൽ പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് മരുന്ന് വാങ്ങി നൽകുന്നതിന് മുൻപ് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് ( നം.15/13-9-21) മറുപടി നൽകിയിട്ടില്ല. അപാകതയുടെ അടിസ്ഥാനത്തിൽ 300000 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-32 ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല

അടങ്കൽ :-200000/-സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് :- 200000/-(ബിൽ നം.1 /20-21/10.3.21 )

മേൽ ബിൽ മുഖാന്തിരം ഹോമിയോ ആശുപത്രിയിലേയ്ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാനായി തുക ഹോമിയോ മെഡിക്കൽ ഓഫീസർ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. നാളിതു വരെ 100000 രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. 100000 രൂപയുടെ മരുന്ന് ഇനിയും കിട്ടാനവശേഷിക്കുന്നു. പ്രസ്തുത മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടി വിവരം അറിയിക്കേണ്ടതാണ്.

2020-21വർഷത്തെ വാർഷിക പദ്ധതിയ്ക്ക് 17-4-20 ന് തന്നെ അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. എന്നാൽ മരുന്നു വാങ്ങാനുള്ള തുക കൈമാറിയത് വർഷാവസാനത്തിൽ മാത്രമാണ്. പദ്ധതി നിർവ്വഹണത്തിലുണ്ടാവുന്ന കാലതാമസവും വിശദീകരിക്കേണ്ടതാ ണെന്നാവശ്യപ്പെട്ടുകൊണ്ടു നൽകിയ എൻക്വയറിക്ക് (നം.18/13-9-21) മറുപടി നൽകിയിട്ടില്ല. മരുന്ന് നാളിതുവരെ ലഭ്യമല്ലാത്തതിനാൽ 100000 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു

1-33 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ-പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിലെ പഴയ കേടുവന്ന സ്ട്രീറ്റ് ലൈറ്റ് മാറ്റി പുതിയത് സ്ഥാപിക്കുന്നതിനായി ഒരു സ്പിൽഓവർ പ്രൊജക്ടും ഒരു പുതിയ പ്രൊജക്ടും നടപ്പാക്കിയതിൽ താഴെ കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ടിന്റെ പേര്,നമ്പർ | ഇൻവോയ്സ് നമ്പർ | ചെക്ക് നമ്പർ,തിയ്യതി | ചെലവ് തുക |
|---|---|---|---|---|
| 1 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കല് 202/21 (SO) | 793/30.03.20 | 2097062/13.8.21 | 599200/- |
| 2 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ 139/21 | 111/30.06.20 | 2097063 /14.8.20<br>6064934/16.09.20 | 400000/-<br>199200/- |
| | | | | |

| | | | | |
|---|---|---|---|---|
| | ആകെ | | | 1198400/- |

മേൽ പ്രൊജക്റ്റുകൾ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയിൽ നിന്നും 428 (24w LED Street Light-Automatic Operation)ലൈറ്റുകൾ വാങ്ങി സ്ഥാപിച്ചതായി കാണുന്നു. ഒരു ലൈറ്റിന് 2500/-രൂപ തോതിൽ പണം നൽകിയിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും അപാകതകൾ ചുവടെ കൊടുക്കുന്നു.

എ)പദ്ധതി ആസൂത്രണത്തിനുമുമ്പ് ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള പ്രവർത്തിക്കുന്നതും പ്രവർത്തിക്കാത്തതുമായ തെരുവ് വിളക്കുകകളുടെ കണക്കെടുപ്പ് നടത്തിയതായി കാണുന്നില്ല.

ബ)കെലിന്റെ ഇൻവോയ്സ് പ്രകാരം 428 ലൈറ്റുകളാണ് സ്ഥാപിച്ചതെങ്കിൽ പഞ്ചായത്തിൽ സൂക്ഷിച്ച രജിസ്റ്റർ പ്രകാരം 481 ലൈറ്റുകൾ സ്ഥാപിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

സി)ലൈറ്റുകളുടെ അറ്റകുറ്റപണി നടത്തുന്നതിനു മുമ്പെ കെ.എസ്.ഇ.ബി.യിൽ നിന്നും അനുവാദം വാങ്ങിയതായി കാണുന്നില്ല.

ഡി)മുൻവർഷങ്ങളിൽ സ്ഥാപിച്ച ഏതെല്ലാം ലൈറ്റുകളാണ് മാറ്റി സ്ഥാപിച്ചതെന്നോ അത്തരം ലൈറ്റുകളുടെ വാറണ്ടി കാലാവധി സംബന്ധിച്ചോ വിവരം ലഭ്യമല്ല.

ഇ)പഴയ കേടുവന്ന ലൈറ്റുകൾ മാറ്റി സ്ഥാപിച്ചപ്പോൾ ഏതെല്ലാം സ്പെയർപാർട്ടുകളാണ് മാറ്റിയതെന്നോ മാറ്റിയവയുടെ രജിസ്റ്ററോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

എഫ് )കെൽ വിതരണം ചെയ്ത ലൈറ്റുകളുടെ ബ്രാന്റ് നെയിം ബില്ലിൽ വ്യക്തമാക്കിയിട്ടില്ല.

ജി)സ്ട്രീറ്റ് ലൈറ്റ്,സെൻസേഴ്സ്,പൈപ്പുകൾ,നട്ട്,ബോൾട്ട് സെറ്റ് എന്നിവ ഉൾപ്പെടെ ഒരു സെറ്റിന്റെ വിലയാണ് 2500/-രൂപ.എന്നാൽ മാറ്റി സ്ഥാപിച്ച എല്ലാ ലൈറ്റുകൾക്കും (കേടായതും മാറ്റിയതുമായ സ്പെയറുകൾ പരിഗണിക്കാതെ)2500/-രൂപ നൽകിയതായി കാണുന്നു.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/13.09.21)മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. ചെലവുതുക തടസ്സത്തിൽവെക്കുന്നു.

## 1-34 വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ കൃത്യത ഉറപ്പുവരുത്തുന്നില്ല

ഗ്രാമപഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്നതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് . (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ) രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയതായോ പഞ്ചായത്തും കെ.എസ്.ഇ.ബി. യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ നിജസ്ഥിതി തിട്ടപെടുത്തി രജിസ്റ്റർ കാലികമാക്കിയതായോ കാണുന്നില്ല. സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ രജിസ്റ്റർ കുറ്റമറ്റ രീതിയിൽ സൂക്ഷിക്കാത്തതിനാൽ ഏതൊക്കെ ഇനം,എത്ര എണ്ണം വിളക്കുകൾ നിലവിലുണ്ടെന്നും ഏതൊക്കെ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടുണ്ട് എന്നും പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. അക്കൗണ്ട്സ് പ്രകാരം 892314/- രൂപ തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജിനത്തിൽ തൻവർഷം അടവാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി. യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ നിജസ്ഥിതി തിട്ടപെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെയും മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരം പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/13.09.21)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-35 മുൻ കാല ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13,1996 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം -വകുപ്പ് 215(4)), 1996ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) , കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23,(1997 കേരള പഞ്ചായത്ത് രാജ് -പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15, 21(1)(2) പ്രകാരം ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ച് പരാമർശം ഒഴിവാക്കുന്നതിന് വേണ്ടത്ര ശ്രദ്ധ സ്ഥാപനം പുലർത്തുന്നില്ല. 2019-20 വർ ഷത്തെ ഓഡിറ്റ് റിപ്പോർട്ട് 06/03/2021 ന് പുറപ്പെടുവിച്ചിട്ടും ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രഥമ മറുപടി സമർപ്പിച്ചിട്ടില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ ചില പരാമർശങ്ങളിൻമേൽ തുടർ വർഷങ്ങളിൽ അപാകത പരിഹരിച്ചിട്ടുണ്ടെന്ന മറുപടി പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം മറുപടികളുടെ നിജസ്ഥിതി പരിശോധിച്ചപ്പോൾ അപാകതകൾ പരിഹരിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും തുടർവർഷങ്ങളിലും അപാകത ആവർത്തിക്കപ്പെടുന്നുണ്ടെന്നും

വ്യക്തമായിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ അപ്രകാരമുള്ള നടപടികൾ സമയ ബന്ധിതമായി ചെയ്യാത്തത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. 2016-17, 2017-18, 2018-19, വരെയുള്ള മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ തുടർനടപടികൾ പരിശോധിച്ചത് പ്രകാരമുള്ള അഭിപ്രായം താഴെ ചേർക്കുന്നു.

2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ 13/10/2017 ന് കൈപ്പറ്റിയിട്ടുണ്ട്. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ 14/12/2017 ന് പ്രഥമ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം 03/01/2018നല്കിയ തുടർ റിപ്പോർട്ടിന് ശേഷം, രണ്ട്, മൂന്ന് പാർട്ടുകളിലായി ആകെ 17 എണ്ണം അവശേഷിക്കുന്നു. എന്നാൽ അവശേഷിക്കുന്ന പരാമർശങ്ങളിൽ തുടർ നടപടി സ്വീകരിച്ച് മറുപടി നല്കുന്നതിനു യാതൊരു ശ്രമവും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല.

2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 14/02/19 ന് സ്ഥാപനം കൈപ്പറ്റിയെങ്കിലും പ്രഥമ മറുപടി നാളിതുവരെയായി ലഭ്യമാക്കിയിട്ടില്ല. പാർട്ട് 2, 3 എന്നിവയിലായി ആകെ 18 പരാമർശങ്ങൾ അവശേഷിക്കുന്നു. യാതൊരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ല.

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 23/11/2019 ന് സ്ഥാപനം കൈപ്പറ്റുകയും, ചട്ടപ്രകാരമുള്ള രണ്ട് മാസ കാലപരിധി കഴിഞ്ഞ് 14/09/2020 ന് മാത്രമാണ് പ്രഥമ മറുപടി ലഭ്യമാക്കിയത്.ആകെ 39 പരാമർശങ്ങളിൽ, നടപടികൾ ആവശ്യമില്ലാത്ത ഖണ്ഡികകൾ ഉൾപ്പെടെ ആകെ 20 എണ്ണം മാത്രമെ തീർപ്പാക്കാൻ സാധിച്ചിട്ടുള്ളൂ.

ഓഡിറ്റ് പരാമർശങ്ങളിൽ തുടർ നടപടികൾ ഇല്ലാത്തതും പരാമർശങ്ങളെ ഗൗരവമായി സമീപിക്കാത്തതും അപാകതകൾ പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ശ്രമങ്ങളില്ലാത്തതും ഗുരുതരമായ ചട്ട ലംഘനമാണ്. ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

!

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 കോക്ളിയർ ഇംപ്ലാന്റേഷൻ-ഉപകരണങ്ങളുടെ അറ്റകുറ്റപ്പണി - അധിക തുക നൽകി.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ,പേര് | കോക്ളിയർ ഇംപ്ളാന്റേഷൻ 196/21 |
| വകയിരുത്തിയ തുക | 60000/-( വി.ഫണ്ട്-പൊതു.) |
| ചെലവഴിച്ച തുക,ബിൽ നമ്പർ,തിയ്യതി | 60000/-(28/11.04.20) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

കോക്ളിയർ ഇംപ്ളാന്റേഷൻ സർജറി ചെയ്ത കുട്ടികൾക്ക് ഉപകരണം മെയിന്റനൻസ് ചെയ്യുന്നതിന് ധനസഹായം അനുവദിക്കുക എന്നതാണ് പ്രൊജക്ട് ലക്ഷ്യം.26.02.2019 ലെ സർക്കാർ ഉത്തരവ് 426/2019(ത.സ്വ.ഭ.വ) പ്രകാരം ഒരു കുട്ടിക്ക് 50000/-രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് തുക ട്രാൻസ്ഫർ ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. ആയതുപ്രകാരം വിഷ്ണു.എം,വെളയാമ്പറ്റമ്മൽ,മടവൂർ എന്ന കുട്ടിക്കായി തൻവർഷം 60000/- രൂപ ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി അധിക തുക ട്രാൻസ്ഫർ ചെയ്തതിന് മറുപടി ലഭ്യമാക്കേണ്ടതും കോക്ളിയർ ഇംപ്ളാന്റേഷൻ നടത്തിയ കുട്ടികളുടെയും ഇതുവരെ ആനുകൂല്യം നൽകിയവരുടെയും ലിസ്റ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (-12/13.09.21)മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശം പരിശോധനക്ക് ലഭ്യമാക്കേണ്ടതും അധികം നൽകിയ10,000/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 130000 | നെൽകൃഷി കൂലിച്ചെലവ് | 130000 | 0 |
| | | 125000 | നെൽകൃഷി കൂലിച്ചെലവ് | 125000 | 0 |
| | | 150000 | മഴ മറ നിർമ്മാണം | 150000 | 0 |
| | | 640000 | ലൈഫ് പ്രോജക്റ്റ് | 640000 | 0 |
| | | 391456 | ലൈഫ് പ്രോജക്റ്റ്(എസ്.സി) | 391456 | 0 |
| | | 100000 | അംഗനവാടി പോഷകാഹാരവിതരണം | 100000 | 0 |
| | | 309525 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 309525 | 0 |
| | | 606390 | കുഴിപ്രമ്മൽ കോളനി സമഗ്രവികസനം | 606390 | 0 |
| | | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| ജില്ല പഞ്ചായത്ത് | 2020-21 | 156000 | നെൽകൃഷി കൂലിച്ചെലവ് | 156000 | 0 |
| | | 6000 | തരിശ്ഭൂമിയിലെ പച്ചക്കറികൃഷിക്ക് പണിക്കൂലി | 6000 | 0 |
| | | 34830 | സുഫലം ഫലവൃക്ഷതൈവിതരണം | 34830 | 0 |
| | | 150000 | നെൽകൃഷി കൂലിച്ചെലവ് | 150000 | 0 |
| | | 370000 | പോത്ത്കുട്ടി വിതരണം ജനറൽ | 370000 | 0 |
| | | 38008 | ലൈഫ് പ്രോജക്റ്റ് | 38008 | 0 |
| | | 337000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 337000 | 0 |
| | | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | തച്ചംകുന്ന് പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 370000 | 0 | 370000 |
| കേരള വാട്ടർ അതോറിറ്റി | തച്ചൂർമീത്തൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 101000 | 0 | 101000 |
| കേരള വാട്ടർ അതോറിറ്റി | കൊട്ടക്കാവയൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 270000 | 0 | 270000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തിയ്യതി | സാമ്പത്തിക വർഷം | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| കെ.യു. ആർ.ഡി. എഫ്.സി | | 2020-21 | 0 | 1070000 | 424667 | 0 | 645333 |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1000 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തിയ്യതി |
|---|---|---|---|---|
| 2018-19 | 1-15 | 500 | പ്രബീഷ്.സി.കെ, കോൺട്രാക്റ്റർ | 120030100760 തീയതി 11.9.20 |
| 2018-19 | 1-15 | 500 | പ്രബീഷ്.സി.കെ, കോൺട്രാക്റ്റർ | 120030100761തീയതി 11.9.20 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | 26 | 2003-04 | 11(12) | വേതനവും പെൻഷനുകളും അനുവദിച്ചതിലെ അപാകതകൾ |
| 2000-01 | 27 | 2003-04 | പൊതു പരാമർശം 11.13.3.2 | നേതൃച്ചാലിൽ ജലസേചന പദ്ധതി (വ്യക്തികൾ വിട്ടുകൊടുക്കാത്ത ഭൂമിയിൽ നടപടികൾ പൂർത്തിയാക്കാതെ നിർമ്മാണം) |
| 2002-03 | | 2004-05 | പൊതു പരാമർശം 11.1.3.44 | നികുതി പിരിവിലെ അപാകതകൾ |
| 2002-03 | 6 | 2004-05 | 11.1.2.1 | ടെണ്ടർവേലകളുടെ ഗുണമേൻമ – ഗുണഭോക്തൃ സമിതി രൂപീകരിച്ച് ഉറപ്പ് വരുത്തുന്നില്ല. |
| 2003-04 | 3-3 | 2005-06 | പൊതു പരാമർശം 2.70.1.1.13 | റോഡ് നിർമ്മാണ പ്രവൃത്തികൾ |
| 2003-04 | 3-11 | 2005-06 | പൊതു | ഭവനനിർമ്മാണം-ധനസഹായം കൈപ്പറ്റിയിട്ടും |

| | | | | |
|---|---|---|---|---|
| | | | പരാമർശം 2.701.1.4.5 | നിർമ്മാണം പൂർത്തിയാക്കിയില്ല |
| 2003-04 | 3-1 | 2005-06 | പൊതു പരാമർശം 2.70.1.10.6 | വെള്ളക്കരം - വസ്തു കൈമാറ്റ തീരുവ- ലക്ഷങ്ങൾ ജല അതോറിറ്റിക്ക് |
| 2007-08 | 3-1 | 2010-11 | 5.8.3.2 | തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ആസ്തികളുടെ പരിപാലനം |
| - | - | 2011-12 | 3.1.12 | മേപ്പളത്താഴം ജലസേചനപദ്ധതി |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ |
| 2015-16 | 2-1,2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി അപാകതകൾ |

## 4-9 സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | |
|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക |
| 1 | 2 | 3 | 4 | 5 | 6 |
| 1 | 1996-97 | 31 | കെ.ഗോപാലൻ, സെക്രട്ടറി | LF3442/ Spl.Cell/ SC4/ 2000 Dt.12.11.01 | 2385 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 69637432 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64850915 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4726099 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 10000 | ശ്രീമതി. ഷീജ.വി.ടി, എെ.സി.ഡി.എസ് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 745250 | ശ്രീമതി. ഷീജ.വി.ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-16 | 181500 | ശ്രീമതി. ഷീജ.വി.ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | | |
|---|---|---|
| 1-17 | 117450 | ശ്രീമതി. ഷീജ.വി.ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-18 | 220000 | ശ്രീമതി. ഷീജ.വി.ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-19 | 73231 | ശ്രീമതി. ഷീജ.വി.ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-20 | 265500 | പദ്ധതി |
| 1-24 | 741000 | ശ്രീമതി.ആബിദ.ടി, സെക്രട്ടറി |
| 1-26 | 33471 | ശ്രീമതി.ആബിദ.ടി, സെക്രട്ടറി |
| 1-27 | 216205 | ശ്രീമതി.ആബിദ.ടി, സെക്രട്ടറി |
| 1-28 | 112565 | ശ്രീമതി.ആബിദ.ടി, സെക്രട്ടറി |
| 1-29 | 21527 | ഡോ.ആരിഫ.ഇ.എ, മെഡിക്കൽ ഓഫീസർ,ആയുർവ്വേദം |
| 1-30 | 300000 | ശ്രീ.മോഹൻദാസ്.വി.കെ, ഹെഡ്മാസ്റ്റർ |
| 1-31 | 300000 | ഡോ.ആരിഫ.ഇ.എ, മെഡിക്കൽ ഓഫീസർ,ആയുർവ്വേദം |
| 1-32 | 100000 | ഡോ.സാഹിദ മജീദ്.സി.എം, മെഡിക്കൽ ഓഫീസർ,ഹോമിയോ |
| 1-33 | 1198400 | ശ്രീമതി.ആബിദ.ടി, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഷീജ.വി.ടി, എെ.സി.ഡി.എസ് സൂപ്പർവൈസർ | ശിശുവികസനപദ്ധതി ഓഫീസ്,കൊടുവള്ളി പ്രോജക്റ്റ്,മിനി സിവിൽ സ്റ്റേഷൻ,കൊടുവള്ളി(പി.ഒ)-673572 | കേദാരം, കിഴക്കെക്കര, നരിക്കുനി(പി.ഒ)-673585 |

## 4-11 തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | നം.എൽ.എഫ്.കെ കെ ഡി പി1/705/2013-19/06/2013 | 2 | 34, 37 |
| 2000-01 | നം.എൽ. എഫ്.കെ. കെ.ഡി. പി1/705/13/ 19.6.13 | 1 | 27 |
| 2001-02 | നം.എൽ. എഫ്.കെ. കെ.ഡി. പി1/20(47)/09/ 18.01.11 | 3 | 18, 19, 20 |
| 2003-04 | നം.എൽ.എഫ്.കെ.കെ.ഡി. പി1/705/13(1)/ 19.6.13 | 4 | 3-1, 3-3, 3-4(2), 3-11 |
| 2007-08 | നം.എൽ.എഫ്.കെ.കെ.ഡി. പി1/ 1982/12(7)/ 5.9.12 | 20 | 2-6, 2-8, 2-13, 3-1,3-2, 3-3, 3-4, 3-6, 3-7(1), (2), 3-8, 3-9,3-10, 3-11, 3-12, 3-13, 3-14, 3-15,3-16, 4-2 |
| 2008-09 | നം.എൽ.എഫ്. കെ.കെ.ഡി. പി1 /1982/12(8)/ 27.8.12 | 15 | 2-4, 2-5, 3-3, 3-5, 3-6, 3-8, 3-10, 3-11, 3-12, 3-14, 3-17, 3-18, 3-19,3-20, 4-2 |
| 2009-10 | നം.എൽ.എഫ്. കെ.കെ.ഡി. പി1 /1982/12(9)/ 27.8.12 | 5 | 2-2, 2-4(1), (2), (3), (4), 3-1, 3-6, 4-3, |

| | | | |
|---|---|---|---|
| 2010-11 | നം.എൽ. എഫ്.കെ. കെ.ഡി. പി1 /84/12/29.1.13 | 24 | 2-1, 2-2, 2-3, 2-4, 2-6,2-7(എ,ബി) 2-8, 2-9,2-10, 3-1(1,2,3) 3-2,3-3, 3-4, 3-5, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14,3-15, 3-16 |
| 2011-12,12-13 | നം.എൽ.എഫ്.കെ.കെ.ഡി. പി1 /279/15/ 11.03.15 | 13 | 3-1, 3-3, 3-5, 3-6, 3-7,3-9, 3-11, 3-12, 3-13, 3-14,3-15(1) (2) (4) |
| 2013-14,2014-15 | നം.കെ.എസ്.എ.കെ.കെ.ഡി. പി.1/2227/2016 തീ.27.04.17 നം.എൽ. എഫ്.കെ. കെ.ഡി.പി1/332/19 02.05.19 | 27 | 2-1, 2-2, 3-1, 3-2, 3-3 3-4, 3-5, 3-6, 3-7 ,3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16 3-17, 3-18, 3-20 (1,2,3,4), 3-21(1), 3-22, 3-24, 3-25, 3-27,3-28 |
| 2015-16 | കെ.എസ്. എ. കെ. കെ.ഡി/ പി.1 /547/2017തീ. 04.05.2017 | 24 | 1-3(1,2,3,4), 2-1,2-2, 2-3(1),2-3(2), 2-4, 3-1(1),3-1(2), 3-2, 3-3,3-4, 3-5, 3-6,3-7, 3-8(1),3-8(2),3-9,3-10, 3-11,3-12,3-13,3-14,3-15, 3-16, |
| 2016-17 | കെ.എസ്. എ. കെ. കെ.ഡി/ പി.1 /2472/2017 തീ. 03.01.18 | 15 | 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-17, 3-18, |
| 2017-18 | കെ.എസ്. എ. കെ. കെ.ഡി/ പി.1 /25/2019തീ. 25.05.19 | 18 | 1.12,2-1(1,2), 2-2, 2-32-4, 3-1, 3-2, 3-3, 3-4, 3-53-6, 3-7, 3-8,3-9, 3-10,3-11, 3-12, 3-13,4-9 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി. പി2/929/20 തീ. 27.01.2021 | 19 | 1-13, 1-14, 1-15, 1-16, 1-18, 1-19, 1-20, 1-21, 1-22, 1-24, 1-28, 1-33, 1-34, 1-37, 1-39, 3-1, 3-2, 4-10, 4-11 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി2/470/2021തീ. 6.03.2021 | 34 | 1-1,1-2,1-3,1-4,1-5,1-6,1-7,1-8,1-9,1-10,1-11, 1-12,1-13, 1-14, 1-15, 1-16, 1-17,1-18, 1-19, 1-20, 1-21, 1-22, 1-23,1-24,1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോഴിക്കോട് ജില്ലയിലെ മടവൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്